II. The Cochin Marumakkathayam Act (Amendment.) Bill

Mr. M. K. Raja (*Mulakunnathukavu:*) I beg leave to introduce the Cochin Marumakkathayam Act (Amendment) Bill.

Mr. C. S. Panicker: I secoud it.

Motion, put and carried.

4. RESOLUTION No. I

മിശ്രവിവാഹം നടപ്പിൽ വരുത്തുവാൻ

മസ്റ്റർ കെ. ടി. അച്യുതൻ: സർ, "ഈ രാജ്യത്തു് മിശ്രവിവാഹം (ഭിന്നസമുദായക്കാർ തമ്മിലുള്ളതും ഭിന്നമതക്കാർ തമ്മിലുള്ളതും ആയ വിവാഹം) ധാരാളം പ്രചാരത്തിലാകുവാൻ കഴിവുള്ള എല്ലാ പ്രോത്സാഹനങ്ങളും നൽകണം എന്നു് ഈ സഭ ഇന്നത്തെ ഗവമ്മെണ്ടിനോടു് അഭ്യർത്ഥിച്ചുകൊള്ളുന്നു." സർ, ഈ കൊല്ലത്തെ ലജിസ്ലേറ്റീവു് സെഷന്റെ മൂന്നാമത്തെ മീറ്റിംഗു് അവസാനിക്കുന്ന ദിവസമായ ഇന്നു് ഏറ്റവും പ്രാധാന്യമർഹിക്കുന്ന എന്റെ ആദ്യത്തെ പ്രമേയം അവതരിപ്പിക്കുന്നതിനു് എനിക്കു് ഭാഗ്യമുണ്ടായതിൽ ഞാൻ വളരെ സന്തോഷിക്കുന്നു. സ്ത്രീകൾക്കു സമാവകാശം വേണമെന്നുള്ള ഒരു ബില്ലിനെക്കുറിച്ചു വാദപ്രതിവാദം നടന്നിട്ടുള്ള ഏറ്റവും നല്ല ഒരു അന്തരീക്ഷത്തിൽ വച്ചുതന്നെ അതുപോലെയോ, അതിലും കൂടുതലായോ പ്രാധാന്യമർഹിക്കുന്ന അവാന്തരജാതികളിൽനിന്നും ഉണ്ടായിട്ടുള്ള കലാപത്തിൽനിന്നും നിർവൃതിനേടുന്നതിനു വേണ്ടിയുള്ള ഒരു സംരംഭം തുടങ്ങണമെന്ന ഉദ്ദേശത്തോടുകൂടി ഈ പ്രമേയം ഇവിടെ അവതരിപ്പിക്കാൻ സാധിച്ചതിൽ എനിക്കു് സന്തോഷമുണ്ടു്. എന്റെ ഈ പ്രമേയം ബാലറ്റുചെയ്തു പുറത്തുവന്നശേഷം ചില വർത്തമാനകടലാസുകളിൽനിന്നും മറ്റു സ്നേഹിതന്മാരിൽനിന്നും പലതരത്തിലുള്ള അഭിപ്രായങ്ങളും അറിയാൻ സാധിച്ചിട്ടുണ്ടു്. ഇതു് പാസ്സായാൽ നാളെ മുതൽക്കു തന്നെ കൊച്ചിരാജ്യത്തു ഭിന്നസമുദായക്കാർ തമ്മിലുള്ള വിവാഹം നടത്തണം എന്ന ഉദ്ദേശിച്ചല്ല ഈ പ്രമേയം അവതരിപ്പിച്ചതു്. ഇവിടെയുള്ള ഭിന്നമതക്കാരും ഭിന്നസമുദായക്കാരും തമ്മിൽ സൌഹാർദ്ദമുണ്ടാക്കണം. അതിനു സമുദായവിദ്വേഷമില്ലാത്തതും മതവിദ്വേഷമില്ലാത്തതും ആയ ഒരു ജാതിയെ ഈ രാജ്യത്തു സൃഷ്ടിക്കണമെന്നു പ്രസംഗിച്ചതുകൊണ്ടു് കാര്യമായില്ല. അതുകൊണ്ടുമാത്രം ജാതിനിബന്ധമായ ദുരന്തഫലങ്ങളിൽനിന്നു് മോചനം കിട്ടാൻ സാദ്ധ്യമല്ല. ഈ നില ഇങ്ങിനെ തുടങ്ങിയിട്ടു് വളരെ കാലമായി. ലോകൈകവന്ദ്യനായ ഗാന്ധിജി ഇതിനുവേണ്ടി വളരെ പരിശ്രമിച്ചു എങ്കിലും അദ്ദേഹത്തിന്റെ അന്ത്യം എങ്ങിനെയാണു് ഉണ്ടായതു് എന്നു് നമുക്കു് ബോധപ്പെട്ടതു. ഇനിയെങ്കിലും ഗവമ്മെണ്ടു് ഇതിൽ ഇടപെടേണ്ടതു് വളരെ ആവശ്യമാണു്. നല്ലനല്ല ആദർശങ്ങൾക്കുവേണ്ടി, ഒരു നല്ല ലോകമുണ്ടാക്കാൻ വേണ്ടി പ്രവർത്തിക്കുന്ന ഗവമ്മെണ്ടു് ഈവക കാര്യങ്ങളെ സംബന്ധിച്ചു് മുന്നിട്ടിറങ്ങണമെന്നു് ഉൽബോധിപ്പിക്കാനും, ഇങ്ങിനെയുള്ള ഒരു നിയമം ജനങ്ങളുടെ ഇടയിൽ വരുത്താനും വേണ്ടിയാണു് ഈ പ്രമേയം ഈ നിയമസഭയിലേക്കയച്ചതു്. ഇങ്ങിനെയുള്ള അഭിപ്രായം ജനങ്ങളുടെയിടയിൽ പരത്തിയാൽ ഇതു വേഗത്തിൽ നടപ്പിൽ വരുത്തുവാൻ സാധിക്കും. Civil Marriage Act ഇവിടെ പാസ്സായിട്ടു് എത്ര കാലമായി? എന്നിട്ടും വളരെ ചുരുങ്ങിയ എണ്ണം മിശ്രവിവാഹം മാത്രമാണു് ഇവിടെ നടന്നിട്ടുള്ളതു്. ജാതിയും മതവും തമ്മിലുള്ള മത്സരം ഇവിടെ കൂടിയാണു വരുന്നതു്. ആഗസ്റ്റു് ൧൫-ാംതു- ക്കുശേഷം പുണ്യഭൂമിയെന്നു പറയുന്ന ഭാരതത്തിൽ എന്താണു് നടന്നതു്? ക്രിസ്തു ജനിച്ചിട്ടു ൨൦൦൦ കൊല്ലമായി. മുഹമ്മദു നബി ജനിച്ചിട്ടു ൧൩൦൦ കൊല്ലമായി. ഹിന്തുമതത്തിലെ തത്വങ്ങളും ഇവിടെ പ്രചരിപ്പിച്ചുതുടങ്ങിയിട്ടു് അനേകകാലമായി. എന്നിട്ടും ൧൯൪൭ ആഗസ്തിനുശേഷം ഇന്ത്യയിൽ ഉണ്ടായ സംഭവങ്ങളും എന്തൊക്കെയാണെന്നു് നമുക്കറിയാമല്ലൊ. ഇന്നും മതസഹിഷ്ണുത വേണം, സമുദായമൈത്രിവേണം എന്നെല്ലാമുള്ള പ്രസംഗങ്ങളും നടക്കുന്നുണ്ടു്. ഇന്നും ഓരോ സമുദായങ്ങളും അവരവരുടെ അവകാശങ്ങൾക്കുവേണ്ടി പൊരുതുകയാണു്. ഞങ്ങളുടെ സമുദായം ഇന്നഴവു സമുദായമാണു്. ഞങ്ങൾക്കു് അവകാശങ്ങളും എത്രകിട്ടിയാലും പോര. ഓരോ അവകാശം കിട്ടുമ്പോഴും പിന്നെയും അവകാശങ്ങളും കിട്ടാൻവേണ്ടി വാദിക്കും. ഇങ്ങിനെ സമുദായത്തിന്റെ അവകാശങ്ങൾക്കുവേണ്ടി വാദിച്ചാൽ ഞാൻ ഈ സമുദായത്തിൽപെട്ട ആൾ എന്ന നിലയിൽ ഇരിക്കുമെന്നല്ലാതെ കൊച്ചിയിലെ ഒരു പൌരൻ എന്ന മനസ്ഥിതി എനിക്കുണ്ടാവുകയില്ല. ഈ നില മാറി സമുദായമൈത്രിയിലേക്കു് എത്തിച്ചേരുവാൻ ഒരു നല്ല തുടക്കമെന്ന നിലയിൽ ഗവമ്മെണ്ടും, നിയമസഭയും ഈ പ്രമേയം വഴി പരിശ്രമിക്കണം. ഇന്ത്യൻ യൂണിയന്റെ ഭാവിയിലെ നിലനില്പിനു് സമുദായങ്ങളും തമ്മിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. T. Achuthan]

മൈത്രിയുണ്ടാക്കേണ്ടതു് ആവശ്യമാണെന്നു് പൂർണ്ണമായി ബോധം വന്നിട്ടുണ്ടു്. അതുകൊണ്ടാണു് ഇങ്ങിനെയുള്ള ഒരു പ്രമേയം ഈ നിയമസഭയിൽ വാദപ്രതിവാദത്തിനു് വരണമെന്നു് വിചാരിച്ചു ഇങ്ങോട്ടയച്ചതു്. ചില സമുദായങ്ങൾ ഇതിനെ ശക്തിയായി എതിർക്കുന്നുണ്ടു്. അതിനെ ഞാൻ വകവെച്ചുകൊടുക്കുന്നുമുണ്ടു്. ഇവിടെ നായർ സമുദായം നായന്മാരുടെ കാര്യം പറയുന്നു. ഈഴവസമുദായം അവരുടെ കാര്യം പറയുന്നു. അതുപോലെതന്നെ മറ്റു സമുദായങ്ങളും ചെയ്യുന്നു. അവർ അവരുടെ സമുദായത്തിന്റെ അവകാശങ്ങൾക്കുവേണ്ടി വാദിച്ചു അതിനുവേണ്ടി സമരം ചെയ്യുന്നു എന്നുള്ളതല്ലാതെ ഇവരെല്ലാം ഒരൊറ്റസമുദായമാണെന്നു് വരുത്തിക്കൂട്ടാൻ യാതൊരു ശ്രമവും ചെയ്യുന്നില്ല. അതുകൊണ്ടു് ഒരു നല്ല ഭാവനയിൽ എത്തുവാൻ വേണ്ടിയാണു് ഞാൻ ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചതു്. ഗവണ്മെണ്ടുകാര്യംതന്നെ ഇതിനു മുൻകയ്യെടുക്കണം. ഇവിടെ മതം വ്യക്തിപരമായ കാര്യമാക്കണം. മതത്തിനു് അമിതപ്രാധാന്യം കൊടുക്കാൻ പാടില്ല. ജാതിയെന്ന കാര്യംതന്നെ പറയാൻ പാടില്ല. മതവും ജാതിയുമില്ലാത്ത ഒരു സമുദായമുണ്ടാക്കാൻ മിശ്രവിവാഹമല്ലാതെ മറ്റെന്തൊരു പോംവഴിയാണുള്ളതു്? ഈഴവസമുദായത്തിലും നായർസമുദായത്തിലുംപെട്ട സ്ത്രീപുരുഷന്മാർതമ്മിൽ വിവാഹം നടക്കുകയാണെങ്കിൽ അവർ ഒരു ജാതിയിൽപെട്ടവരാണെന്ന ബോധം അവർക്കുണ്ടാകും. ഇതിനു വ്യത്യസ്തമായ വല്ല അനുഭവവും ഉണ്ടാകുന്നുണ്ടെങ്കിൽ അതു് അവർ നില്ക്കുന്ന സമുദായത്തിന്റെ ചുറ്റുപാടുകൊണ്ടാണു്. ആ സമുദായത്തിന്റെ ചുറ്റുപാടു മാറ്റാൻവേണ്ടിയാണു് ഈ അഭിപ്രായം പ്രചരിപ്പിക്കാൻ പറയുന്നതു്. ഇക്കാര്യത്തിൽ മറ്റു സമുദായങ്ങളേക്കാൾ കൂടുതൽ പ്രവർത്തനം നടത്തിയിട്ടുള്ളതു് ഈഴവസമുദായമാണെന്നു് അവകാശപ്പെടുവാൻ സാധിക്കും. യഥാർത്ഥ സ്വതന്ത്രവാദിയായ ശ്രീനാരായണൻ ഞങ്ങളോടു് ആദ്യംതന്നെ ഉപദേശിച്ചതു് ഇങ്ങിനെയാണു്. മനുഷ്യന്റെ മതവും, വേഷവും, ഭാഷയും മറ്റും എങ്ങിനെ ഇരുന്നാലും എല്ലാ വിഭാഗക്കാരും ഒന്നായിത്തീരുവാൻ മിശ്രവിവാഹവും, പന്തിഭോജനവും നടത്തണമെന്നു് വളരെക്കാലം മുമ്പുതന്നെ ദീർഘദൃഷ്ടിയോടുകൂടി ഈവക കാര്യങ്ങൾ നിർവ്വഹിക്കാനുള്ള സന്ദേശം അദ്ദേഹം നമുക്കു തന്നു. ഈഴവസമുദായം ഇതിനുവേണ്ടി വളരെ ശക്തിയായി പ്രവർത്തിച്ചിട്ടുണ്ടു്. എന്നുതന്നെയല്ല ഞങ്ങളുടെ സമുദായത്തിൽപെട്ട ഒരാൾ വേറൊരു മതത്തിൽപെട്ട വ്യക്തിയുമായി വിവാഹബന്ധത്തിൽ ഏർപ്പെട്ട എന്നു പറഞ്ഞതുകൊണ്ടു് ഞങ്ങൾക്കു യാതൊരു ഇളക്കിമറിവുമില്ല. മറ്റു സമുദായത്തിൽ ഇങ്ങിനെയുള്ള സംഭവം നടന്നു എന്നു കേട്ടാൽ ആ സമുദായം ആകെ ഇളകുകയായി. തോക്കും വാളും എടുക്കാൻ നിവർത്തിയില്ലാത്തതുകൊണ്ടു് മറ്റുതരത്തിലുള്ള ബഹിഷ്കരണംകൊണ്ടു് അയാളെ മുട്ടുകുത്തിക്കാൻ നോക്കുന്നു. ഞങ്ങളുടെ സമുദായത്തിൽ ഇതുമൂലം യാതൊരു ഇക്കിളിയുമുണ്ടാകയില്ല. വടക്കെ ഇന്ത്യയിൽ നടക്കുന്ന സംഭവങ്ങളെ സംബന്ധിച്ചു് ഞങ്ങൾക്കു വലിയ അത്ഭുതം തോന്നുന്നുണ്ടു്. എന്തുകൊണ്ടെന്നാൽ ഇങ്ങിനെയുള്ള ഒരു അഭിപ്രായം വളരെക്കാലം മുമ്പു് ഞങ്ങളുടെയിടയിൽ പ്രചരിച്ചിട്ടുണ്ടു്.

ഇതിനു ഗവണ്മെണ്ടു് എങ്ങിനെയാണു് പ്രോത്സാഹനം കൊടുക്കേണ്ടതു് എന്നുള്ളകാര്യം ഇനി ആലോചിച്ചുനോക്കാം. ഗവണ്മെണ്ടു് ഇതു നടപ്പിൽവരുത്താനുള്ള മാർഗ്ഗം ആലോചിക്കണം. ഒരു സമുദായവും, ഒരു മതവും ഇങ്ങിനെ ഒരു പ്രമേയം പാസാക്കിയതുകൊണ്ടു് ഇതു വകവച്ചുകൊടുക്കാൻ പോകുന്നില്ല. അവരുടെ അഭിപ്രായഗതിക്കുതന്നെ മാറ്റം വരുത്തണം. ഇപ്പോഴത്തെ ഭരണഘടനപ്രകാരം ചില സമുദായങ്ങൾക്കു റിസർവ്വേഷൻ ഒന്നുമില്ല. അതുതന്നെ ഒരു അനുഗ്രഹമോ, തോൽവിയോ ആകുന്നു. അവശതയനുഭവിക്കുന്ന സമുദായങ്ങൾക്കു് ചില പ്രത്യേക പരിഗണനകൾ ഉണ്ടായിരുന്നു എങ്കിലും മഹാമനസ്കതയുള്ള ഗവണ്മെണ്ടു് ഇനി അതു വേണ്ടെന്നുവച്ചു് അവരെ പുറത്തു തള്ളിയിട്ടുണ്ടു്. അങ്ങിനെയുള്ള സമുദായങ്ങൾ ഇന്നു ഒന്നിച്ചുനിന്നു് ഒരേ സമുദായമായി മുമ്പോട്ടുപോകാൻ തീർച്ചയായിരിക്കുകയാണു്. ഈ കാര്യത്തിൽ ഗവണ്മെണ്ടു് എന്തു പ്രോത്സാഹനമാണു് നൽകേണ്ടതു് എന്നുള്ളതിനെ സംബന്ധിച്ചാണു് ഞാൻ ഇപ്പോൾ പറയുന്നതു്. വിദ്യാഭ്യാസമുള്ളവരുടെയിടയിൽ മിശ്രവിവാഹത്തിനു സമ്മതമുള്ള ആളുകൾക്കു് ഉദ്യോഗത്തിനു മുൻഗണന കൊടുക്കുമെന്നുള്ള ഒരു നിയമമുണ്ടാക്കിയാൽ തരക്കേടില്ല. ഇതു ശതമാനം ഉദ്യോഗം അങ്ങിനെയുള്ളവർക്കു കൊടുക്കുമെന്നു വയ്ക്കുക. കൊച്ചിയെ സംബന്ധിച്ചു പറയുകയാണെങ്കിൽ ഇവിടത്തെ ഭൂരിപക്ഷസമുദായം ഹിന്തുസമുദായമാണു്. എന്നാൽ ഹിന്തുക്കളിൽതന്നെ ഈഴവസമുദായം, നായർസമുദായം, നമ്പൂതിരിസമുദായം ഇങ്ങിനെ പല സമുദായങ്ങളുമുണ്ടു്. നമ്പൂതിരിസമുദായവും, നായർ സമുദായവും പറയുന്ന ഞങ്ങളെ തൊട്ടു കളിയ്ക്കുണ്ടു, ഞങ്ങളെ തൊട്ടു കളിച്ചാൽ ഞങ്ങളുടെ ഭാവം മാറുമെന്നെല്ലാം. മുഹമ്മദീയസമുദായവും

LIBRARY ARCHIVES Kerala Legislative Assembly

ഇതുതന്നെയാണ് പറയുന്നതു്. അതുപോലെ ഈഴവസമുദായം പറയുന്നു, ഞങ്ങൾ സംഖ്യാബലംകൊണ്ടു് ഒരു പ്രബല സമുദായമാണു്, ഞങ്ങളുടെ അവകാശങ്ങളെ തൊട്ടുകളിയ്ക്കുണ്ട എന്നു്. ഇങ്ങിനെയുള്ള പ്രശ്നങ്ങൾക്കെല്ലാം നിവാരണമുണ്ടാക്കാനുള്ള ഏകമാർഗ്ഗം, ജാതിയും മതവുമില്ലാത്ത ഒരു സമുദായത്തെ സൃഷ്ടിക്കുകയെന്നുള്ളതാണു്. അതിനു മിശ്രവിവാഹത്തിനു പ്രോത്സാഹനം നല്കുക. Ex-military men-നു് കൃഷിക്കു സ്ഥലം പതിച്ചുകൊടുക്കുന്ന മാതിരി മിശ്രവിവാഹം ചെയ്യുന്നവർക്കു സ്ഥലം പതിച്ചുകൊടുത്താൽ തരക്കേടില്ലെന്നാണു് ഞാൻ പറയുന്നതു്. എല്ലാ സമുദായങ്ങൾക്കും സ്വീകാര്യമായിട്ടുള്ള ഒരു സമ്പ്രദായമാണു് ഇതു്. ഇവിടെ പലതിനും ഗവൺമെണ്ടു് സബ്സിഡി കൊടുക്കുന്നുണ്ടു്; അരിയ്ക്കു സബ്സിഡി കൊടുക്കുന്നുണ്ടു്; വളത്തിനു സബ്സിഡി കൊടുക്കുന്നുണ്ടു്; വിദ്യാഭ്യാസത്തിനു സബ്സിഡി കൊടുക്കുന്നുണ്ടു്. അതുപോലെ മിശ്രവിവാഹത്തിനും ഒരു സബ്സിഡി കൊടുത്താൽ തരക്കേടില്ല. ഈ വിധത്തിലെല്ലാം ഗവൺമെണ്ടു് ഇതിനു പ്രോത്സാഹനം നല്കണം.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: ഇന്നത്തെ ഗവൺമെണ്ടിനോടു് അഭ്യർത്ഥിച്ചുകൊള്ളുന്നു എന്നു പ്രമേയത്തിൽ പറഞ്ഞിട്ടുണ്ടു്. അതു് ഏതു ഗവൺമെണ്ടിനോടാണു്.

മിസ്റ്റർ കെ. ടി. അച്യുതൻ: നിങ്ങൾ നില്ക്കുന്ന പാർട്ടിയുടെ ഗവൺമെണ്ടാണെന്നു വയ്ക്കുക. ഇതു് ഏറ്റവും പ്രധാനമായിട്ടുള്ള ഒരു കാര്യമാണെന്നാണു് എനിയ്ക്കു തോന്നുന്നതു്. സർവ്വസമുദായക്കാരുടേയും സഹകരണം ഇതിനുണ്ടാകും. അതുകൊണ്ടു് ഗവൺമെണ്ടു് ഇതിനെ സംബന്ധിച്ചു വളരെ കാര്യമായി ആലോചിയ്ക്കണം. അതിനേക്കാൾ കൂടുതൽ ചെയ്യേണ്ട കാര്യങ്ങൾ ഇവിടെയുള്ള നിയമസഭാസാമാജികന്മാർക്കും സമുദായസംഘടനകൾക്കുമുണ്ടു്. ഇതിനെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ ഇവിടെയുണ്ടാകുന്ന വാദപ്രതിവാദങ്ങൾ വഴി ലഭിയ്ക്കുവാൻ വേണ്ടിയാണു് ഈ പ്രമേയം ഇവിടെ അവതരിപ്പിക്കുവാൻ ഞാൻ ഉദ്ദേശിച്ചതു്. എല്ലാ സമുദായക്കാരുടേയും, എല്ലാ മതക്കാരുടേയും, ഭാവി കഴിഞ്ഞകാലത്തെപ്പോലെ ആകാതിരിക്കുവാൻവേണ്ടി, ലോകൈകവന്ദ്യനായ മഹാത്മാഗാന്ധിയുടെ ആഗ്രഹപ്രകാരമുള്ള ഭാവിഭാരതം വരുത്താൻവേണ്ടി നമ്മളെല്ലാവരും കൈകോർത്തു പിടിച്ചുകൊണ്ടു ശ്രമിയ്ക്കണം. അങ്ങിനെയുള്ള ഒരു നല്ല ലോകമുണ്ടാക്കാൻവേണ്ടി കൊച്ചിഗവൺമെണ്ടും വേണ്ട പ്രോത്സാഹനം ചെയ്യണം. അതുകൊണ്ടു് മിശ്രവിവാഹത്തെ പ്രോത്സാഹിപ്പിക്കേണ്ടതു് ഗവൺമെണ്ടിന്റെ കടമയാണു്. ഇതിനുവേണ്ടി ഒരു കമ്മിറ്റിയെത്തന്നെ വച്ചാൽ തരക്കേടില്ലെന്നാണു് എനിക്കു തോന്നുന്നതു്. ഇങ്ങിനെ ചെയ്താൽ കൊച്ചിയിൽ അചിരേണ എന്തെങ്കിലും സാമുദായികവിദ്വേഷമുണ്ടെങ്കിൽ അതെല്ലാം ഇല്ലാതാകും. അതിനുള്ള ഒരു പരിശ്രമമെന്ന നിലയിൽ മാത്രമാണു് ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്.

മിസ്റ്റർ എം. കെ. രാജു: സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു. ഇതു കുറച്ചു കഴപ്പും പിടിച്ച പ്രശ്നമാണെന്നു് ഇതിന്റെ അവതാരകന്റെ പ്രസംഗത്തിൽനിന്നും എനിയ്ക്കു മനസ്സിലായി. എനിക്കു ഗവൺമെണ്ടിൽനിന്നു് ഒരു വിവരം അറിയാനുണ്ടായിരുന്നു. വിവാഹക്കാര്യം ഏതു മന്ത്രിയുടെ പോർട്ട്ഫോളിയോവിൽ പെട്ടതാണെന്നു് അറിഞ്ഞാൽ കൊള്ളാം.

റാവുബഹദൂർ ടി. കെ. നായർ: ഈ റസലൂഷനു ഞാനാണു് മറുപടി പറയേണ്ടതു്.

മിസ്റ്റർ എം. കെ. രാജു: ഇങ്ങിനെയുള്ള പ്രധാന കാര്യത്തെ സംബന്ധിച്ചിടത്തോളം ഗവൺമെണ്ടു മെമ്പറുടെ വ്യക്തിത്വം വളരെ പ്രധാനമായ കാര്യമാണു്. ഇതു് ശമ്പളപരിഷ്കരണത്തെപ്പറ്റിയോ, പെരിങ്ങൽകുത്തു് ഹൈഡ്രോ എലക്ട്രിക്കു് പദ്ധതിയെപ്പറ്റിയോ അല്ലെങ്കിൽ അതുപോലെയുള്ള കാര്യങ്ങളെപ്പറ്റിയോ വാദപ്രതിവാദം നടത്തി തീരുമാനിക്കുന്നതുപോലെ തീരുമാനിക്കേണ്ട ഒരു വിഷയമല്ല. ആരാണു് ഇതിന്റെ ചാർജ്ജു് വഹിക്കുന്നതു് എന്നുണ്ടെങ്കിൽ ആ ആളുടെ വൈവാഹികമായ അഭിപ്രായം ഈ വിഷയത്തെ സാരമായി സ്പർശിക്കുമെന്നുള്ളതുകൊണ്ടാണു് ഇതിന്റെ ചാർജ്ജു് വഹിക്കുന്നതു് ആരാണെന്നു ചോദിക്കുകയുണ്ടായതു്. നമ്മുടെ ഗവൺമെണ്ടിനു് ഈ വക സാമൂഹ്യപ്രശ്നങ്ങളെക്കുറിച്ചു് യാതൊരു നയവുമില്ല. ജനസംഖ്യാ പ്രശ്നത്തെ സംബന്ധിച്ചു് സാമൂഹ്യബന്ധങ്ങളെ ബാധിക്കുന്ന കാര്യങ്ങളെപ്പറ്റി നരശാസ്ത്രസംബന്ധമായ പ്രശ്നത്തെ സംബന്ധിച്ചു് നമ്മുടെ ഗവൺമെണ്ടിനു് എന്നുവേണ്ട മറ്റു സ്റ്റോറുകളിലേയും, പ്രോവിൻസുകളിലേയും ഗവൺമെണ്ടുകൾക്കു സാമാന്യമായ യാതൊരു നയവും ഇതുവരെ സ്വീകരിയ്ക്കാൻ സാധിച്ചിട്ടില്ല. നമ്മുടെ രാഷ്ട്രീയപ്രശ്നങ്ങളെപ്പോലെതന്നെ അതുയും

LIBRARY ARCHIVES Kerala Legislative Assembly

[Mr. M. K. Raja]

അധികം പ്രധാനമായ ഒരു പ്രശ്നമാണോ ഇതെന്നു ചോദിച്ചാൽ യാതൊരു സംശയവും കൂടാതെ പറയാൻ സാധിക്കും അതെ എന്നു്. ഈ വക കാര്യങ്ങളെസംബന്ധിച്ചു നിശ്ചിതമായ ഒരു നയം ആവശ്യമായിട്ടുള്ളതാണു്. സാമുദായികപ്രശ്നങ്ങളെ സംബന്ധിച്ചും വൈവാഹികപ്രശ്നങ്ങളെ സംബന്ധിച്ചും എന്താണു് ഗവണ്മെണ്ടിന്റെ സാമാന്യ നിലയെന്നുള്ളതിനു് ഓരോ ഗവണ്മെണ്ടിനും സ്വന്തമായ് പരിപാടികളും, സ്വന്തമായ ആദർശങ്ങളും ഉണ്ടായിരിക്കുന്നതു് നന്നായിരിക്കും എന്നൊരു നിർദ്ദേശം നല്കാൻ ഞാൻ ആഗ്രഹിക്കുന്നു. സ്വതന്ത്രരാജ്യങ്ങളിലെല്ലാം ഇതുണ്ടു്. ഈനിർദ്ദേശം ഗവണ്മെണ്ടിന്റെ മുമ്പിൽ കൊണ്ടുവരാൻ ഇന്നത്തെ പ്രമേയംകൊണ്ടു സാധിച്ചാൽ ശ്രീമാൻ അച്യുതന്റെ പ്രമേയം പാഴിലായില്ലെന്നു ഞാൻ വിശ്വസിക്കും. പക്ഷെ ഇങ്ങിനെയുള്ള നയം ഉണ്ടായതുകൊണ്ടായില്ല. ഇതു പ്രായോഗികമാക്കാൻ സാധിക്കുന്നതു എങ്ങിനെയാണു് ഈ വക സാമൂഹ്യപ്രശ്നങ്ങളെസംബന്ധിച്ചു എങ്ങിനെയാണു് പരിഹാരംകാണാൻ സാധിക്കുക എന്നുള്ളതാണു് കൂടുതൽ വിഷമമേറിയ പ്രശ്നം. ഇതിന്റെ ഉള്ളിലേക്കു കടക്കുമ്പോൾ അനേകം വിഷമങ്ങൾ നമ്മെ എതിരിടുന്നു. സങ്കരവിവാഹത്തെ ഗവർമ്മെണ്ടു് പ്രോത്സാഹിപ്പിക്കുമോ ഇല്ലയോ എന്നുള്ളതാണു് പ്രധാനമായ പ്രശ്നം. ഇന്നത്തെ ഗവർമ്മെണ്ടു് ഈ പ്രമേയത്തിലെ തത്വത്തെ ശരിയായി അംഗീകരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. അങ്ങിനെയാണെങ്കിൽ ഇതിനെ നടപ്പിൽ വരുത്താനുള്ള പ്രായോഗികനിർദ്ദേശങ്ങൾ കൊടുക്കേണ്ടതു് അവതാരകന്റെ ചുമതലയാണു്. മിസ്റ്റർ അച്യുതൻതന്നെ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഇതിനെസംബന്ധിച്ചു എതാനും ചില നിർദ്ദേശങ്ങൾ ഗവർമ്മെണ്ടിനു നൽകുകയുണ്ടായി. ഞാനും ഒന്നുരണ്ടു നിർദ്ദേശങ്ങൾ നൽകാമെന്നാണു് വിചാരിക്കുന്നതു്. ഈ കാര്യത്തെസംബന്ധിച്ചു് യൂറോപ്പിലെ ചിലരാജ്യങ്ങൾ അനുവർത്തിച്ചിട്ടുള്ള നയം എന്തുകൊണ്ടു് നമുക്കു സ്വീകരിച്ചുകൂടാ? ഉദാഹരണമായി ജർമ്മനിയെതന്നെ എടുക്കാം. ഹിറ്റ്ലർ ജർമ്മനിയിൽ അധികാരത്തിൽ വന്ന അവസരത്തിൽ ജർമ്മനിയിലെ ജനസംഖ്യതോതു വർദ്ധിപ്പിയ്ക്കാൻ അദ്ദേഹം ഒരു ഉപായം ചെയ്കയുണ്ടായി. അദ്ദേഹം ഒരു വിളംബരം ചെയ്തു. എല്ലാ ദമ്പതികളും അവരുടെ ഏഴ കുട്ടികൾക്കുശേഷം അവരിൽ എട്ടാമതു ഒരു കുട്ടി ജനിക്കുകയാണെങ്കിൽ ആ കുട്ടിയുടെ തലതൊട്ട മുത്തപ്പനാകാൻ ഹിറ്റ്ലർ സമ്മതിക്കാമെന്നു്. ഇങ്ങിനെ ഒരു വിളംബരം പുറത്തുവന്നതോടുകൂടി അദ്ദേഹം ഉദ്ദേശിച്ചതെന്തോ അതു ഫലപ്രദമായി. അഖിലോകപ്രശസ്തനായ ഹിറ്റ്ലരെപ്പോലെയുള്ള ഒരാൾ തന്റെ കുട്ടിയുടെ തലതൊട്ട മുത്തപ്പനാകുകയെന്ന ബഹുമതി ചില്ലറക്കാര്യമല്ല. ജർമ്മനിയിലെ ഓരോ പുരുഷനും സ്ത്രീയും ഈ ബഹുമതിയെ ആഗ്രഹിച്ചുകൊണ്ടു അതിന്നുവേണ്ടിയുള്ള ദാമ്പത്യജീവിതത്തിന്നു തയ്യാറായി. കുറച്ചുകാലംകൊണ്ടു് അദ്ദേഹം ഉദ്ദേശിച്ച ഫലമുണ്ടായി. അതുപോലെ ഈവക സങ്കരവിവാഹങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്നുള്ള എന്തെങ്കിലും പ്രവർത്തികൾ ഗവർമ്മെണ്ടു് ചെയ്യണം. പോരാ, മഹാരാജാവു ഭരണാധിപനെന്ന നിലയിൽ ഇതിന്നു പ്രോത്സാഹനം നൽകണമെന്നു ഞാൻ പറയുന്നു. നമ്മുടെ നാട്ടിൽ നടക്കുന്ന സങ്കരവിവാഹങ്ങൾക്കു നമ്മുടെ പ്രധാനമന്ത്രി ഹാജരാകുകയും അവക്കു സമ്മാനം നൽകുകയും ചെയ്യും എന്നുള്ള ഒരു കമ്മ്യൂണിക്കു പുറപ്പെടുവിക്കുകയാണെങ്കിൽ നിശ്ചയമായും ഇത്തരത്തിലുള്ള വിവാഹത്തിന്നു തയ്യാറുള്ള പല ചെറുപ്പക്കാരും നമ്മുടെ നാട്ടിൽ ഉണ്ടാകുമെന്നാണു് എന്റെ വിശ്വാസം. നമ്മുടെ മഹാരാജാവിന്റെ പേർ ഈ പ്രസംഗത്തിൽ കൊണ്ടുവരണമെന്നുള്ള ഉദ്ദേശം എനിക്കു് ഉണ്ടായിരുന്നില്ല. പക്ഷെ പരിഷ്കൃതാശയനായ നമ്മുടെ ഭരണാധികാരിപോലും ഈ വക സങ്കരവിവാഹങ്ങൾക്കു അനുകൂലിയാണെന്നു വന്നാൽ ഇതിന്നു തയ്യാറായി പല ആളുകളും മുമ്പോട്ടുവരും എന്നുള്ളതുകൊണ്ടാണു് ഞാൻ അദ്ദേഹത്തിന്റെ പേർ ഇവിടെ പറഞ്ഞതു്. ഈ വക സന്ദർഭങ്ങളിൽ മഹാരാജാവു് ഒരു അനുമോദനസന്ദേശം അയക്കുകയാണെങ്കിൽ ഈ സങ്കരവിവാഹത്തിന്നു തയ്യാറാകുന്ന പലരും നമ്മുടെ നാട്ടിൽ ഉണ്ടാകും. ഇന്നത്തെ മഹാരാജാവു് ഈ വക പുരോഗമനപരമായ ആശയങ്ങൾക്കു എതിരല്ല. നേരെമറിച്ചു അദ്ദേഹം ഇതിന്നു തികച്ചും അനുകൂലിയാണെന്നു് എനിക്കു ഊഹിക്കുവാൻ സാധിച്ചിട്ടുണ്ടു്. കാരണം ഞാൻ ഈയുദ്ദേശമായ ഒരു വിഷയത്തെ സംബന്ധിച്ചു നിയമസഭയിൽ അവതരിപ്പിക്കാൻ ഉദ്ദേശിച്ചിരിക്കുന്ന ഒരു ബില്ലിന്നു അനുമതി നൽകികൊണ്ടുള്ള ഒരു മറുപടി കിട്ടിയതു ഈയിടെ മാത്രമാണു്. ആ ബിൽ ഒരുപക്ഷെ അടുത്ത നിയമസഭയിൽ അവതരിപ്പിക്കാൻ സാധിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. അ

LIBRARY ARCHIVES Kerala Legislative Assembly

തിൽ പ്രായോഗികമായ പല പദ്ധതികളുമുണ്ട്. ഈവക കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഗവർമ്മെണ്ടിന്നു് ഒരു നയം രൂപീകരിക്കാൻ സാധിക്കുമെങ്കിൽ അതിന്നു പ്രായോഗികമായ പല നിർദ്ദേശങ്ങളും കൊടുക്കാൻ ഞങ്ങളും തയ്യാറാണു്. അതുകൊണ്ടു് ഗവ്മെണ്ടു് പ്രോത്സാഹജനകമായ ഒരു മറുപടി ഇതിന്നു നൽകുമെന്നുള്ള പ്രതീക്ഷയോടുകൂടി ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു. ഒരു അനുകൂലമായ പരിതസ്ഥിതിയിലാണു് ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചതു്. എന്റെ മാന്യ സ്നേഹിതൻ ബഹുമാനപ്പെട്ട മകുന്ദപുരം ഈഴവമെമ്പർ, ഈ പ്രമേയം നിയമസഭയിലേക്കു് അയച്ചിട്ടു മാസം കുറെ കഴിഞ്ഞു. ഇതുവരെ നിയമസഭയിൽ ഇതു വാദപ്രതിവാദത്തിന്നു് എടുക്കാൻ ഇടവന്നില്ല. പക്ഷെ ഇതു വാദപ്രതിവാദത്തിന്നു വന്നിരിക്കുന്ന അവസരം ഈ സഭയുടെ മാത്രമല്ല, ഭാരതം ഒട്ടാകെതന്നെ ഈ പ്രശ്നത്തെപ്പറ്റി അവഗാഢമായി ചിന്തിച്ചുകൊണ്ടിരിക്കുന്ന അവസരമാണു്. ഭാരതത്തിൽ ജാതിയും മതവുമില്ലാത്ത സമത്വസുന്ദരമായ ഒരു അന്തരീക്ഷം ഉണ്ടാകണമെന്നു ഹിമവൽ സേതുപര്യന്തമുള്ള എല്ലാവരും ആത്മാർത്ഥമായി അഭിലഷിക്കുന്ന ഒരു അവസരമാണു് ഇതു്. ഇതിനുവേണ്ടി മഹാത്മാഗാന്ധി അദ്ദേഹത്തിന്റെ ജീവനെപ്പോലും ബലികഴിച്ചു. അദ്ദേഹം ആശിച്ച രാമരാജ്യം രാമനാമോച്ചാരണംകൊണ്ടു് ഇവിടെ ഉണ്ടാകുമെന്ന എനിക്കു വിശ്വാസമില്ല. അയോദ്ധ്യാധിപനായ രാമൻ രാജ്യം ഭരിച്ചിരുന്ന കാലത്തു് നായക്കു് വേദോച്ചാരണം പാടില്ല, വേദോച്ചാരണം ചെയ്താൽ നാവറക്കും, തപസ്സുചെയ്താൽ ശിരച്ഛേദം ചെയ്യും. അത്തരത്തിലുള്ള ഒരു രാജ്യമായിരിക്കുകയില്ല മഹാത്മജി ഇവിടെ വരണമെന്നു ആഗ്രഹിച്ചതു്. സകല ജനങ്ങളേയും സന്തോഷിപ്പിക്കുന്ന ഒരു രാജ്യം ഇവിടെ വരണമെന്ന അർത്ഥത്തിലാണു് അദ്ദേഹം അതു പറഞ്ഞതു്. വിഭിന്നമതത്തിൽപെട്ട ജനങ്ങൾ, വിഭിന്നസമുദായത്തിൽപെട്ട ജനങ്ങൾ തിരിഞ്ഞുനിന്നു വഴക്കടിക്കുന്ന ഒരു നില ഇവിടെ നിലവിലുള്ളിടത്തോളംകാലം, ആ രാമരാജ്യം ഇവിടെ വരാൻപോകുന്നില്ല. ഇതിനെസംബന്ധിച്ചു പ്രായോഗികമായി നാം ചിന്തിക്കണം. ഇതു് ഇവിടെ സാധിക്കണമെങ്കിൽ ജാതിയും മതവും മാറണം. അതെങ്ങിനെ മാറുമെന്ന പ്രായോഗികമായി ആലോചിക്കുമ്പോഴാണു് എന്റെ മാന്യ സ്നേഹിതൻ പറഞ്ഞിട്ടുള്ള മിശ്രഭോജനവും, മിശ്രവിവാഹവും കൊണ്ടേ അതു് നടപ്പിൽ വരാൻ പോകുന്നുള്ളു എന്നു മനസ്സിലാകുന്നതു്. ഏതാണ്ടു് രണ്ടുകൊല്ലം മുമ്പു് ശ്രീ. രാജഗോപാലാചാരി ബോംബെയിൽവച്ചു നടത്തിയ കോൺവെക്കേഷൻ പ്രസംഗത്തിൽ സർവ്വകലാശാലയുടെ കവാടങ്ങളെ ഭേദിച്ചു പുറത്തുവന്ന യുവതികളോടു ചെയ്ത ഒരഭ്യർത്ഥനയിൽ ഭാരതത്തിൽനിന്നു ജാതിയും മതവും പോകണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നുണ്ടെങ്കിൽ നിങ്ങൾ മിശ്രവിവാഹത്തിന്നു തയ്യാറാകുക എന്നാണു് പറഞ്ഞതു്. ഇതുകൊണ്ടല്ലാതെ ജാതിയും മതവും ഇല്ലാത്ത ഒരു ലോകത്തെ സൃഷ്ടിക്കാൻ സാദ്ധ്യമല്ല. ഇതാണു് ഇവിടത്തെ ചിന്താവിഷയം.

ഈ പ്രമേയം ഇവിടെ ആലോചനക്കു വരുന്നതിനുമുമ്പുതന്നെ, മിസ്റ്റർ അച്യുതൻ ഇങ്ങിനെ ഒരു പ്രമേയം ഇവിടെ അവതരിപ്പിക്കുന്നുണ്ടെന്നു അറിഞ്ഞമാത്രയിൽ, കൊച്ചിയിലെ സ്ഥാപിതതാല്പര്യക്കാർ, ഹ്രസ്വമായ മതത്തിന്റെ പരിധിയിൽ ജീവിക്കുന്ന ജനങ്ങളും ഇതിനെതിരായി ഇവിടെ വലിയ ആക്ഷേപങ്ങളും മുഴക്കുകയുണ്ടായി. ഭാരതത്തിൽ മിശ്രവിവാഹം വളരെ പുരാതനകാലം മുതല്ക്കുതന്നെയുള്ളതാണു്. ചില പുരാണങ്ങളും വായിച്ചാൽ അതു് മനസ്സിലാക്കാൻ സാധിക്കും. ശന്തനു ഒരു അരയസ്ത്രീയെ വിവാഹം ചെയ്തു. ഇക്കാലത്തും ഈമാതിരിയുള്ള വിവാഹങ്ങളും നടക്കുന്നുണ്ടു്. അങ്ങനെ ആസഫാലിയെപ്പറ്റി നിങ്ങൾ കേൾക്കുമ്പോൾ അവർ ഈ മാതിരി മിശ്രവിവാഹബന്ധത്തിലേർപ്പെട്ട ഒരു മഹതിയാണെന്നു മനസ്സിലാക്കുവാൻ കഴിയും. ഇവിടെ ഈ പ്രമേയംകൊണ്ടുദ്ദേശിച്ചിട്ടുള്ളതു് ഇതു് സാവ്ത്രികമാക്കണമെന്നുള്ളതാണു്. അതിനു് എന്തൊരുപാധി കൈക്കൊള്ളണമെന്നുള്ളതാണു് ആലോചിക്കേണ്ടതു്. ഇതിനെ സംബന്ധിച്ചു് ഇവിടെ പ്രായോഗികങ്ങളായ ചില നിർദ്ദേശങ്ങളും ഈ പ്രമേയം അവതരിപ്പിച്ച മാന്യസ്നേഹിതനും, ഇതിനെ പിന്താങ്ങിയ മിസ്റ്റർ എം. കെ. രാജാവും പറഞ്ഞു. ഒന്നു രണ്ടു കാര്യങ്ങളും കൂടി എനിക്കു ഇവിടെ നിർദ്ദേശിക്കുവാനുണ്ടു്. ഒരു ഈഴവൻ ഒരു നായർ സ്ത്രീയെ വിവാഹം കഴിക്കുന്നു എങ്കിൽ അവരിൽ നിന്നുണ്ടാകുന്ന സന്താനങ്ങൾ ഏതു സമുദായത്തിൽപെട്ടതാണു്, ആ കുട്ടിയെ നായർകുട്ടിയായി കരുതുമോ, അതോ ഈഴവക്കുട്ടിയായിക്കരുതുമോയെന്നുള്ള പ്രശ്നമുണ്ടാകുന്നുണ്ടു്. അവരെ ഒരു സമുദായത്തിലും പെടുത്തരുതു്. ഇ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. Kochukuttan]

ങ്ങിനെ കുറെ സന്താനങ്ങൾ ഉണ്ടാകുകയാണെങ്കിൽ ജാതിയില്ലാത്ത ഒരു സമുദായമുണ്ടായിത്തീരും: തൻമൂലം ഒരു പുതിയ വർഗ്ഗക്കാരുണ്ടാകും. ഇങ്ങിനെ ധാരാളമാളുകൾ ഉണ്ടാകുന്നു എങ്കിൽ മാത്രമെ ജാതിചിന്തക്കതീതമായി മനുഷ്യനു് ഉയരുവാൻ, കഴിയുകയുള്ളു. ഗവമ്മെണ്ടു് അടിയന്തിരമായി ഈ കാര്യത്തിൽ അവധാനപൂർവ്വമാലോചിച്ചു്, ഈമാതിരി വിവാഹം ചെയ്യുന്നവർക്കു് സൈരമായി ജീവിക്കാനുള്ള ഒരന്തരീക്ഷം സൃഷ്ടിക്കണം. ഇന്നു് മിശ്രവിവാഹത്തിലേർപ്പെടുന്നവർക്കു് സൈരമായി ജീവിക്കാൻ സാധിക്കുന്നില്ല. ഒരു നായർ യുവാവു് ഈഴവസമുദായത്തിൽനിന്നു വിവാഹം ചെയ്താൽ നായർസമുദായത്തിലെ ആളുകൾ അയാളെ പല പ്രകാരത്തിലും ഉപദ്രവിക്കാനും, ബഹിഷ്കരിക്കാനും തുടങ്ങും. അതുകൊണ്ടുണ്ടാകുന്ന ബുദ്ധിമുട്ടുകൾ വളരെയാണു്. യാതൊരു ബുദ്ധിമുട്ടും ഉണ്ടാകാത്ത ഒരു അന്തരീക്ഷം സൃഷ്ടിച്ചുകൊടുക്കാൻ ഗവമ്മെണ്ടിനു സാധിക്കും. ഇതിനുപുറമെ സാധാരണയായി ഈ മാതിരി വിവാഹങ്ങളിൽ ഏർപ്പെടുന്നവരിൽ അധികമാളുകളും ജീവിക്കുവാനുള്ള കഴിവു് ഇല്ലാത്തവരായിരിക്കും. എതെങ്കിലും പ്രകാരത്തിൽ അവർ വേലയെടുത്തു ജീവിച്ചാൽതന്നെ അവരുടെ സന്താനങ്ങളെ വിദ്യാഭ്യാസം ചെയ്യിക്കാനുള്ള കഴിവു് അവർക്കുണ്ടാകയില്ല. അങ്ങിനെയുള്ളവരുടെ കുട്ടികൾക്കു കുറഞ്ഞതു സ്കൂൾഫൈനൽ ക്ലാസുവരെ പഠിക്കാനുള്ള ആനുകൂല്യങ്ങൾ എങ്കിലും ഗവമ്മെണ്ടു ചെയ്തുകൊടുക്കുമെന്നു ഒരു ഓർഡർ പുറപ്പെടുവിക്കുകയാണെങ്കിൽ ഇക്കാര്യത്തിൽ അതു വളരെ പ്രോത്സാഹജനകമായിതീരും. ഈവക കാര്യങ്ങൾ അവധാനപൂർവ്വം ഗവമ്മെണ്ടാലോചിക്കണമെന്നു പറഞ്ഞുകൊണ്ടും, ഇതിനുള്ള പ്രായോഗികപദ്ധതികൾ ഈ സഭയിലെ എല്ലാ മെമ്പർമാരുംകൂടി ആലോചിച്ചു കണ്ടുപിടിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടും ഞാൻ ഈ പ്രമേയത്തെ ഒരിക്കൽ കൂടി പിന്താങ്ങുന്നു.

മിസ്റ്റർ കെ. ഐ. വേലായുധൻ: സർ, ഈ പ്രമേയം അവതരിപ്പിച്ചതു് ഈഴവസമുദായത്തിലെ ഒരംഗമാണു്. നേരെമറിച്ചു ഈ പ്രമേയം സവർണ്ണസമുദായത്തിലെ ഒരംഗമാണു് കൊണ്ടവന്നിരുന്നതു് എങ്കിൽ അവരുടെ ഇടയിലുള്ള ജാതീയമനസ്ഥിതി പോയി, അല്ലെങ്കിൽ കുറഞ്ഞു എന്നു മനസ്സിലാക്കുവാൻ സാധിക്കുമായിരുന്നു. പക്ഷെ അവർ ഇതിനെ സെക്കൻറു ചെയ്തിട്ടുണ്ടു് എന്നുള്ളതുകൊണ്ടു് പുരോഗമനപരമായി അവരല്പം മുമ്പോട്ടുപോയിരിക്കുന്നു എന്നു് വിചാരിക്കാൻ ഇട കാണുന്നുണ്ടു്. സാധാരണയായി സവർണ്ണർക്കു് മറവുള്ള അവശസമുദായങ്ങളെ സംബന്ധിച്ചു ഒരു പരാതിയുണ്ടു്. അവർ ദൃഷ്ടിച്ചു മുടിച്ചു സാമുദായികമനസ്ഥിതി വെച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതാണതു്. ഇവിടെ സമുദായത്തെ ഉയർത്തിക്കൊണ്ടുവരാൻ അവർ ആണ്ടുപോയിട്ടുള്ള നാശഗർത്തത്തിൽനിന്നു രക്ഷിക്കുവാൻവേണ്ടി, ഉദ്യോഗങ്ങൾ ശരിക്കു കിട്ടുന്നതിനുവേണ്ടി, സ്റ്റാഫ്സെലക്ഷൻ ബോർഡുവേണം, കൌൺസിലിൽ ശരിയായ പ്രാതിനിദ്ധ്യം കിട്ടണം എന്നെല്ലാം ഈഴവ സമുദായവും, അതുപോലെയുള്ള മറവശസമുദായങ്ങളും തീർപ്പുകൾ എടുത്തുവരുന്നുണ്ടു്, വാദിക്കുന്നുണ്ടു്, മുറവിളികൂട്ടുന്നുണ്ടു്. ഞങ്ങളുടെ സമുദായത്തെ സംബന്ധിച്ചു പറയുകയാണെങ്കിൽ പുരോഗമനപരമായും, വിപ്ലവാത്മകമായും പലതും ചെയ്തുതീർക്കുവാൻ സാധിച്ചിട്ടുണ്ടു്. യാതൊരു കാര്യത്തിലും അവർ ഞങ്ങളേയും പിന്നണിയിലല്ല. വിദ്യാഭ്യാസപരമായി അവർ മുന്നോട്ടുവന്നുകൊണ്ടിരിക്കുന്നു. വിദ്യാഭ്യാസ സമ്പന്നരുണ്ടു്, ബിരുദധാരികളുണ്ടു്. എന്റെ സ്വന്തം അനുഭവം പറയുന്നതിൽ ക്ഷമിക്കണം. എനിക്കു ഏറ്റവും അടുത്ത സ്നേഹിതന്മാരായി സവർണ്ണരിൽതന്നെ വളരെ ആളുകളുണ്ടു്. എന്തെങ്കിലും വിശേഷം അവരുടെ വീട്ടിലുണ്ടായാൽ അകന്ന സവർണ്ണനെ അവർ ഉണ്ണിനു ക്ഷണിച്ചുവെന്നുവരും. പക്ഷെ എന്നെപ്പോലെയുള്ള അവർണ്ണനെ Tea party-യ്ക്കു മാത്രം. -നോക്കണം. ബിരുദധാരികളുടെ ഇടയിൽ ഇത്തരത്തിലുള്ള വർഗ്ഗീയമനസ്ഥിതി പോകണം. ഈ വർഗ്ഗീയമനസ്ഥിതി പോകാത്തിടത്തോളം കാലം ഞങ്ങൾക്കു് സാമുദായികമായ അവശതകളെ ദൂരീകരിക്കാൻ അങ്ങേ അറ്റംവരെ പരിശ്രമിക്കേണ്ടിവരും. സാമുദായികമനസ്ഥിതി വളർത്തേണ്ടിവരും. ഇങ്ങിനെയുള്ള അവശതകൾ നീക്കാൻ സംഘടിക്കേണ്ടിവരും.അതിനു ഞങ്ങൾ കുറെ പറഞ്ഞിട്ടു കാര്യമില്ല. ആക്ഷേപിച്ചിട്ടു ഫലമില്ല. അസൂയപ്പെട്ടതുകൊണ്ടും ഫലമില്ല. ഞങ്ങൾ ഇതു് അങ്ങേ അറ്റംവരെ പുലർത്തിക്കൊണ്ടുതന്നെ പോകും. ആദ്യമായി സവർണ്ണർ നന്നാകണം. അവരുടെ അഭിമാനം പുലർത്തണമെങ്കിൽ, അന്തസ്സു പരിപാലിക്കണമെങ്കിൽ അവരുടെ ഹ്രസ്വമായ വർഗ്ഗീയമനസ്ഥിതി ദൂരീകരിക്കട്ടെ. എല്ലാവരും സമന്മാരാണെന്നു ധരിക്കട്ടെ. കാരണം ഞങ്ങളേപ്പോലെയുള്ള

LIBRARY ARCHIVES Kerala Legislative Assembly

സമുദായങ്ങൾക്ക നല്ലപോലെ അനുഭവംകൊണ്ട മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്, എ ന്തെല്ലാം ദുരിതങ്ങളാണ്. ഞങ്ങൾ ഇന്ന് അനുഭവിക്കുന്നത് എന്ന്. അതിന്റെ ഫലമാ യിട്ടാണ് ഈ അവശതകളെ ദൂരീകരിയ്ക്കാൻ എന്തൊരു മാർഗ്ഗമാണ് കൈക്കൊള്ളേണ്ടത് എന്നാലോചിക്കുന്നത്. വർഗ്ഗീയമായ അസ്വാസ്ഥ്യങ്ങൾ കളയേണ്ടതു് എങ്ങിനെയാണെ ന്ന ആലോചിച്ചതിന്റെ ഫലമായിട്ടാണ് മിസ്റ്റർ കെ. ടി. അച്യുതൻ ഈ പ്രമേയം ഇവി ടെ കൊണ്ടുവന്നതു്. അതു നടപ്പിലാക്കുവാൻ ഞങ്ങൾ വെമ്പൽ കൊള്ളുന്നതു്. അവശ തകൾ അനുഭവിക്കുന്നവർ മാത്രമായിരിക്കും ഇതുപോലെയുള്ള ഒരു പ്രമേയം കൊണ്ടുവ ന്നു് വർഗ്ഗീയമനസ്ഥിതിയെ നീക്കം ചെയ്യാൻ ശ്രമിക്കുന്നതു്. സവർണ്ണസമുദായത്തിലെ ഒ രംശം ഇങ്ങിനെ ഒരു പ്രമേയം കൊണ്ടുവരാൻ ശ്രമിക്കാത്തതിൽ ഞങ്ങൾക്കത്ഭുതമില്ല. എങ്കിലും സഹായിച്ചു സംസാരിച്ചുവല്ലൊയെന്നുള്ള ഒരു സമാധാനമാണ് ഞങ്ങൾക്കുള്ളതു്. ഗവമ്മെണ്ടിൽനിന്നു് ഇതിനു് എന്തെങ്കിലും സബ്സിഡി കൊടുക്കണം, സ്ഥലം പതിച്ചു കൊടുക്കണം എന്നൊക്കെ ചില മെമ്പർമാർ ഇവിടെ പറയുകയുണ്ടായി. മിശ്രവിവാ ഹം മൂലം ഉണ്ടായ വിഷമത്തേയും ആ നവദമ്പതികൾ അനുഭവിക്കേണ്ടിവന്നദുരിതങ്ങ ളേയും ഒരു ഉദാഹരണം മൂലം ഞാൻ ഗവമ്മേണ്ടിനു വിശദമാക്കിത്തരാം. ടി സംഭവ ത്തിന്റെ വെളിച്ചത്തിലെങ്കിലും ഗവമ്മെണ്ടിന്റെ കണ്ണുതുറക്കുമെന്നു് വിശ്വസിക്കട്ടെ. തൃ ശ്ശൂരിലുണ്ടായ ഒരു സംഭവമാണിതു്. ഒരു ഈഴവസ്ത്രീയെ ഒരു പുലയയുവാവു് അടുത്തയവസ രത്തിൽ കല്ല്യാണം കഴിച്ചു. ആ കല്ല്യാണത്തിൽ ഞങ്ങളിൽ ചിലർ വളരെ സന്തോഷ ത്തോടുകൂടി പങ്കെടുത്തിരുന്നു. വിവാഹം കഴിഞ്ഞതിനുശേഷം രണ്ടുപേരും പട്ടിണിയാ യി, രണ്ടുകൂട്ടരുടേയും വീട്ടുകാർ അവരെ വെറുത്തു. അവർ ജാതിയില്ലാതാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി മിശ്രവിവാഹം കഴിച്ചു എങ്കിലും, വളരെക്കാലം അനുഭവിക്കേണ്ടിവന്ന പട്ടിണിമൂലം ആ പുലയയുവാവു് തൂങ്ങിമരിച്ചു. കാരണം അയാൾക്ക ജീവിക്കാൻ സാ ധിക്കാത്ത ഒരു പരിതഃസ്ഥിതിയുണ്ടായി. ഗവമ്മെണ്ടിൽനിന്നും എന്തെങ്കിലും സാമ്പത്തി കമായ സഹായം ഉണ്ടായിരുന്നു എങ്കിൽ അയാൾക്ക ജീവിക്കാൻ സാധിക്കുമായിരുന്നു. വാസ്തവം പറയുകയാണെങ്കിൽ ഗവമ്മെണ്ടാണ് ഈ മരണത്തിനുത്തരവാദി. (ചിരി) ഇ വരിൽനിന്നുണ്ടാകുന്ന സന്തതികളെ ഗവമ്മെണ്ട പഠിപ്പിച്ചാൽമാത്രം പോരാ, ഗവമ്മെണ്ട സാമ്പത്തികമായി വളരെ സഹായിക്കുകകൂടി വേണം. ഇങ്ങിനെയുള്ള വിവാഹ ങ്ങൾക്ക് ഗവമ്മെണ്ട് സകല പ്രോത്സാഹനങ്ങളും ചെയ്യുകൊടുക്കണം. അതല്ലെ ങ്കിൽ ഇത്തരത്തിലുള്ള സംഭവങ്ങൾ ധാരാളമുണ്ടാകും. അതുകൊണ്ട ഗവമ്മെണ്ടതി ൽ മൻകയ്യെടുത്തു പ്രവർത്തിക്കണം. ഗവമ്മെണ്ടിനു ഇവിടെ ഏറ്റവും നല്ലൊരു അന്ത രീക്ഷം സൃഷ്ടിക്കണമെങ്കിൽ, അല്ലെങ്കിൽ സമത്വസുന്ദരമായ ഒരു ലോകം സൃഷ്ടിക്കണ മെന്നുണ്ടെങ്കിൽ ഇവിടത്തെ ജാതികളുടെ ഇടയിലുള്ള ഭിന്നതകൾ നീക്കം ചെയ്യണം. ഇവിടെ ചില പ്രത്യേക സമുദായങ്ങൾക്കുവേണ്ടി ഒരു പ്രത്യക ഡിപ്പാർട്ടുമെൻറുണ്ടാക്കി അതിനുവേണ്ടി ഒരു വലിയതുക ചിലവുചെയ്യുന്നുണ്ട്. എന്നിട്ടും ജാതികളുടെ ഇടയി ലുള്ള ഭിന്നത നീക്കാൻ സാധിച്ചിട്ടില്ല. ഭിന്നസമുദായക്കാർ തമ്മിലുള്ള വിവാഹവും പന്തിഭോജനവും ഗവമ്മെണ്ടു് നടപ്പിലാക്കണം. ഇന്നു ഇവിടെ ഒരു അധഃകൃതസംരക്ഷ ണവകുപ്പുണ്ട്. അധഃകൃതരുടെ അവശതകൾ നീക്കുവാനും പല ആനുകൂല്യങ്ങളും അവ ക്കു ചെയ്തുകൊടുക്കാൻവേണ്ടിയും മറ്റുമാണ് ഈ ഡിപ്പാർട്ടുമെൻറു നടത്തുന്നതു്. മിശ്ര വിവാഹത്തിനു ഗവമ്മെണ്ടു ഒരു സബ്സിഡികൊടുക്കുകയാണെങ്കിൽ പിന്നീട് അധഃകൃ തരുടെ കൂടികൂടെ പ്രത്യേകാനുകൂല്യങ്ങൾ ചെയ്യേണ്ടതായ ഒരു നില വരുകയില്ല. ഇതു മൂലം ഗവമ്മെണ്ടിനു് ഏറ്റവും നല്ല ഒരു അന്തരീക്ഷം ഇവിടെ സൃഷ്ടിക്കാൻ സാധിക്കും. അതുകൊണ്ടു ഈ പ്രമേയം ഇവിടെ പാസ്സാക്കുകയാണെന്നുണ്ടെങ്കിൽ ഗവമ്മെണ്ടിനായി രിക്കും വലിയ ഗുണം കിട്ടാൻപോകുന്നതു്. ഇതുമൂലം ഈ രാജ്യത്തിലെ വർഗ്ഗീയാസ്വാ സ്ഥ്യങ്ങൾ ദൂരീകരിക്കാനും സാധിക്കും. അതിനാൽ ഈ പ്രമേയത്തെ വേണ്ടതരത്തിൽ പ്രവർത്തിയിൽ വരുത്താൻ ഉള്ള സർവ്വ പരിശ്രമങ്ങളും ഗവമ്മെണ്ടു ചെയ്യണമെന്നും സവ ർണ്ണസമുദായത്തിന്റെ ഉള്ളഴിഞ്ഞ സഹായം അപേക്ഷിച്ചുകൊണ്ടും ഞാൻ ഇതിനെ പിൻതാങ്ങുന്നു.

മിസ്റ്റർ പി. കെ. പോൾ: സർ, ആദർശപരമായി നോക്കുമ്പോൾ മിശ്രവിവാ ഹത്തോടു യോജിക്കാതിരിക്കുവാൻ നിവർത്തിയില്ല. എന്നാൽ ഗവമ്മെണ്ടിനു ഇതിൽ എത്രത്തോളം കൂടുതൽ പ്രവർത്തിക്കാൻ സാധിക്കും എന്നുള്ളകാര്യം ആലോചിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. K. Paul]

ഇപ്പോൾതന്നെ ഇവിടെ Civil Marriage Act ഉണ്ടു്. അതു പ്രായോഗികമായി നടക്കുന്നില്ലാ എന്നുള്ള ദുഷ്യമാണു് ഇതിൽ കാണുന്നതു്. അതിനാൽ ഗവണ്മെണ്ടു ചില പ്രോത്സാഹനങ്ങൾ ഇതിനു ചെയ്യേണ്ടതിനെക്കുറിച്ചു എനിക്കു ചില അഭിപ്രായങ്ങൾ പറയാനുണ്ടു്. അതിനു വലിയ ചിലവു വരികയില്ലാ. ഫലം നല്ലപോലെ ഉണ്ടാവുകയും ചെയ്യും. പക്ഷെ ഇതു പ്രക്കെ എല്ലാവരും സമ്മതിക്കുന്ന ഒന്നാണു് എന്നു പറയാൻ സാദ്ധ്യമല്ല. മിശ്രമായ സംഗതിയെ സംബന്ധിച്ചു അനുഭവത്തിൽനിന്നല്ല അനുമാനം വച്ചുകൊണ്ടാണു് ഈ അഭിപ്രായം പറയുന്നതു്. കുതിരയും കഴുതയും തമ്മിൽ ബന്ധത്തിലേർപ്പെട്ടാൽ ഉണ്ടാകുന്നതു കോവർ കഴുതയാണു്. കുതിരയുടെ ശക്തിയും വലിപ്പവും കഴുതയുടെ ഭാരം വഹിക്കുന്ന സ്വഭാവവും അതിനുണ്ടാകും. പത്തുമാസംകൊണ്ടാണു് കരിമ്പു് ഫലംതരുന്നതു്. അതും ചോളവും തമ്മിലുള്ള ക്രോസ്സു പോളിനേഷൻകൊണ്ടു അഞ്ചുമാസംകൊണ്ടും അനുഭവം കിട്ടുന്ന കരിമ്പുണ്ടാകും. ഇങ്ങിനെ സങ്കരപരിശ്രമംകൊണ്ടു സാരമായ ഫലം ഉണ്ടാകും. ഈ അടിസ്ഥാനത്തിൽ വേണം മിശ്രവിവാഹത്തെ പ്രോത്സാഹിപ്പിക്കാൻ.

മുമ്പു് പരമയോഗ്യനായിരുന്ന ഒരാളുടെ ശബ്ദം വളരെ പരുപരുത്തതായിരുന്നു. അതുകൊണ്ടു് അദ്ദേഹത്തിനു് സന്തതിയുണ്ടാകുമ്പോൾ ആ സന്തതിക്കു വളരെശബ്ദമാധുര്യം ഉണ്ടാകണമെന്നു കരുതി അദ്ദേഹം സംഗീതത്തിൽ വിദുഷിയായ ഒരു സ്ത്രീയെ കല്ല്യാണം കഴിച്ചു. എന്നാൽ സ്ത്രീ വളരെ കറുത്തവളായിരുന്നു. ഈ സ്ത്രീക്കു് സന്തതിയുണ്ടായപ്പോൾ നിറം സ്ത്രീയുടേതും ശബ്ദം അച്ഛന്റേതുമായി. (ചിരി) അപ്പോൾ അദ്ദേഹത്തിന്റെ അനുഭവം വിചാരിച്ചിരുന്നതിൽ നേരെ വിപരീതമായി. ഇപ്പോൾ ഇതു രണ്ടുംകൊണ്ടു തുലനംചെയ്തു നോക്കുമ്പോൾ താരതമ്യേന അവശ സമുദായത്തിൽപ്പെട്ട ആളുകൾ സാമാന്യേന ശരീരാരോഗ്യമുള്ളവരായതുകൊണ്ടു് ഇങ്ങിനെയുള്ള മിശ്രവിവാഹത്തിന്റെ ഫലമായിട്ടു കുറച്ചുകൂടി അരോഗ ദൃഢഗാത്രന്മാരായിട്ടുള്ള ആളുകൾ ഉണ്ടായിതീരുവാൻ സാധിക്കും. അവരിലുള്ള ആളുകൾ കൂടുതൽ ജോലിക്കാരായതുകൊണ്ടു് മിക്കതും കറുത്ത ആളുകളാണു്. കറുത്തനിറത്തിന്റെ മാഹാത്മ്യം നോക്കിയാൽ, കറുത്ത പശുവിന്റെ പാൽ വളരെ നല്ലതാണു്. അതുപോലെതന്നെ കറുത്ത പുലിക്കു് ശൌര്യംകൂടും. കറുത്ത കോഴി, കരിംകുരങ്ങു് ഇതിനൊക്കെ കൂടുതൽ ഔഷധ ഗുണമുണ്ടു്. ഗവണ്മെണ്ടിനു യാതൊരു ചിലവുമില്ലാതെ കറുത്തനിറത്തിലുള്ള ആളാണു് നല്ലതെന്നുള്ള ഒരു സർട്ടിഫിക്കറു കൊടുക്കുവാൻ സാധിക്കുമെങ്കിൽ അതു മിശ്രവിവാഹ പ്രചാരത്തിനു വളരെ പ്രേരകമായിത്തീരും. ഇപ്പോൾ വെളുത്തനിറത്തിലുള്ള പെണ്ണു വേണം, വെളുത്തനിറത്തിലുള്ള ആണുവേണം എന്നൊക്കെ വിചാരിക്കുന്ന ഒരു കാലഘട്ടമാണു്. ഇതൊക്കെ തീരുമാനിക്കാൻ ഒരു വിദഗ്ധകമ്മിറ്റി രൂപീകരിക്കുന്നതു വളരെ നന്നായിരിക്കും. ഈ കാര്യത്തെപ്പറ്റി തിട്ടമായിട്ടുള്ള ഒരു അഭിപ്രായം പറയുവാൻ സ്ത്രീകൾക്കു് ശരിയായിട്ടുള്ള പ്രാതിനിധ്യം കൊടുക്കുകയുംവേണം. ഇതിനുവേണ്ടി ഒരു കമ്മിറ്റിവെച്ചു് ഏതെല്ലാം വിധത്തിൽ മിശ്ര വിവാഹം പ്രോത്സാഹിപ്പിക്കുവാൻ സാധിക്കുമെന്നു തീരുമാനിക്കുന്നതു തരക്കേടില്ല. അതു് ഏറ്റവുംഅഭികാമ്യമായതും ആദർശപരമായതുമായ ഒരു കാര്യമാണു്. ഇവിടെയുള്ള നാലോ, അഞ്ചോ, നിയമസഭാ സാമാജികന്മാർ ഇത്തരത്തിലുള്ള കല്ല്യാണത്തിൽ കല്ല്യാണകൂടിക്കു് പോവുകയെന്നു വെച്ചാൽ ആ വധൂവരന്മാക്കും കുടുംബക്കാക്കും അതിൽ അഭിമാനത്തിനുവകയുണ്ടു്. പ്രധാനമന്ത്രിയുംകൂടിയെത്തി നവദമ്പതിമാരെ ആശീർവ്വദിക്കുകയും ഒരു പാരിതോഷികം കൊടുക്കുകയും ചെയ്താൽ അവക്കു് കൂടുതൽ സന്തോഷമായി. അവർ കൃതാർത്ഥത അടയും. മിശ്രവിവാഹത്തിനു് പ്രചുരപ്രചാരം സിദ്ധിക്കുകയും ചെയ്യും.

At this stage Mr. Hon: President took the chair

സർ, ഇതിനനുകൂലമായ ഒരു മറുപടി പ്രധാനമന്ത്രിയിൽനിന്നും ഉണ്ടാകുമെന്നുള്ള പ്രതീക്ഷയോടുകൂടി ഞാൻ ഇതിനെ പിൻതാങ്ങുന്നു.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: മിസ്റ്റർ പ്രസിഡണ്ടു്, സർ, ഞാനും ഈ പ്രമേയത്തെ അനുകൂലിക്കുന്നു. സങ്കരവിവാഹം രഹസ്യമായിട്ടും പരസ്യമായിട്ടും ധാരാളം നടന്നുവരുന്നുണ്ടു്. അതു് എല്ലാവക്കും അറിയാവുന്നതാണു്. വിവാഹങ്ങൾ ഓരോ ദിവസം ചെല്ലുന്തോറും ഓരോമാതിരിയിലാണു് നടന്നുവരുന്നതു്. ഒരു കാലത്തു് ഒരു ബ്രാഹ്മണ സ്ത്രീയും മറ്റുള്ള ആളുകളും ഉൾപ്പടെ ന്നു പേരെ ജാതിഭ്രഷ്ടുകല്പിച്ചു നിറുത്തിട്ടുള്ള ഒരു

LIBRARY ARCHIVES Kerala Legislative Assembly

രാജ്യമായിരുന്നു ഇതു്. അതുപോലെതന്നെ അടുത്തകാലത്തു് വേറെ ഏതു പേരേയും ജാതി ഷ്കുകല്പിച്ചു നിറുത്തീട്ടുണ്ടായിരുന്നു. അതിൽ ഒരു ഈഴവൻ ഉണ്ടായിരുന്നു. ആ ഈഴവനെ മറ്റുള്ളവരാരും ഈ കാരണംകൊണ്ടു് സദ്യകളിൽ പോലും കൂട്ടുന്ന പതിവില്ലാതായി. സംഗതിവശാൽ അദ്ദേഹത്തിന്റെ അമ്മ മരിച്ചപ്പോൾ (അയാൾ ഒരു ബ്രാഹ്മണസ്ത്രീയെ ഗർഭംധരിപ്പിച്ചുവെന്നുള്ളതാണു് അയാളുടെ പേരിലുള്ളകുറ്റം) ഈഴവരാരും പോകാതെയുമായി. ഒരാളും അവിടേക്കു് കടക്കുന്നില്ല. ഞാൻ അക്കാലത്തു് ചെറിയ ഒരു സക്കാർ ജീവനക്കാരനായിരുന്നു. മരണവാർത്തകേട്ടു് ഞാൻ അവിടെപോയി. കുറച്ചു കഴിഞ്ഞപ്പോൾ വേറെയും ചില ആളുകൾകൂടി അവിടേക്കുവന്നു. എവരുംകൂടി ശവസംസ്കാരകർമ്മങ്ങളെല്ലാം കഴിച്ചു. അടിയന്തിരവും ഭംഗിയായിട്ടു കഴിച്ചുകൂട്ടി. അതുമൂലം കുറച്ചുകാലത്തേയ്ക്കു് ആ പ്രദേശത്തുള്ള ഈഴവർക്കു് എന്നോടു് നല്ല സുഖമുണ്ടായിരുന്നില്ല. അങ്ങിനെയുള്ള ഒരു രാജ്യമായിരുന്നു ഇതു്. അടുത്തകാലത്തു് ഒരു ബ്രാഹ്മണസ്ത്രീയെ ഒരു നായർ വിവാഹം ചെയ്യുവെന്നുള്ള കാരണത്തിന്മേൽ ഗവമ്മെണ്ടു് അയാളുടെ ഉദ്യോഗം കളഞ്ഞു. അമ്പലകുളവും മറ്റും ഉപയോഗിക്കുവാൻ പാടില്ലെന്നുള്ള ഒരു നിരോധന ഉത്തരവു പാസ്സാക്കി. അങ്ങിനെയുള്ള ഒരു രാജ്യത്തിൽതന്നെയാണു് Civil Marriage Act അയൽ രാജ്യങ്ങളെ പോലും അതിശയിക്കുമാറു് ആദ്യമായിട്ടു ഇവിടെ പാസ്സാക്കീട്ടുള്ളതു്. ഈ ആക്ടനുസരിച്ചു് ആദ്യമായിട്ടു വിവാഹം കഴിച്ചിട്ടുള്ളതു് കൊച്ചിരാജ്യത്തിലെ സമർത്ഥനെന്നു് സശിരഃകമ്പം സമ്മതിക്കുന്ന ഒരു ഗവമ്മെണ്ടുദ്യോഗസ്ഥനായ മാന്യനാണു്. അതിനുശേഷം സങ്കരവിവാഹം പലതും നടന്നിട്ടുണ്ടെങ്കിലും അതൊന്നും Civil Marriage Act അനുസരിച്ചല്ല നടന്നിട്ടുള്ളതു്. രജിസ്ട്രാപ്പീസ്സിൽ പോകുക; മുദ്രക്കടലാസ്സു് വാങ്ങിക്കുക; വിവാഹം നടത്തുക ഇങ്ങിനെയാണു്. Civil Marriage Act അനുസരിച്ചുള്ള വിവാഹങ്ങൾ എത്രയെണ്ണം ഇതുവരെ റജിസ്റ്റർ ചെയ്തിട്ടുണ്ടെന്നു് പറയുവാൻ എനിക്കു് സാദ്ധ്യമല്ല. സങ്കരവിവാഹംകൊണ്ടുള്ള ഗുണത്തെപ്പറ്റി ഒരാൾ പറയുകയുണ്ടായി. അതിൽനിന്നുണ്ടാകുന്ന പുത്രന്മാർ വളരെ മിടുക്കന്മാരായിരിക്കും എന്നു് പെള്ളാച്ചി പത്തുവിനെപ്പോലെയുള്ള പശുക്കളുണ്ടാകണമെന്നു വിചാരിച്ചാണു് നമ്മളെല്ലാം നല്ല കുറനെകൊണ്ടു് ചവിട്ടിക്കുന്നതു്. അതുപോലെതന്നെ നമ്മുടെ ഗ്രാമോദ്ധാരണത്തിൽ ലെഗോൺ ജാതിയിലുള്ള കോഴിയെ വലിയവിലകൊടുത്തു വാങ്ങിച്ചിട്ടുണ്ടു്. അതുകൊണ്ടു് സങ്കരവിവാഹംകൊണ്ടു് ഉണ്ടാകുന്ന സന്താനങ്ങൾ ഏറ്റവും സമർത്ഥന്മാരായും വളരെ യോഗ്യവാന്മാരായുമിരിക്കുമെന്നുള്ളതിൽ സംശയമില്ല. ൪൫ കൊല്ലങ്ങൾക്കു മുമ്പു് ഭാരതത്തിന്റെ സ്വാതന്ത്ര്യത്തിനു വേണ്ടി, ജാതിമത വ്യത്യാസങ്ങൾ തീരെ നീക്കണമെന്നു് വിപ്ലവകാരിയായ ഒരു സന്യാസിവര്യൻ പ്രവചിച്ചു. രണ്ടുമൂന്നു കൊല്ലങ്ങൾക്കു മുമ്പു് ഇന്ത്യയിലെ അഭിവന്ദ്യരാഷ്ട്രീയനേതാക്കന്മാരിലൊരാളായ രാജാജിയും, ലോകൈകവന്ദ്യനും രാഷ്ട്രപിതാവുമായ മഹാത്മജിയും മിശ്രവിവാഹം നടത്തണമെന്നും, അതുകൊണ്ടുമാത്രമേ ഇവിടെനിന്നു് ജാതി പോകുകയുള്ളുവെന്നും പറയുകയുണ്ടായി. ഇതു് പ്രായോഗികമായിട്ടു് എവിടെയെങ്കിലും നടക്കുന്നുണ്ടോ എന്നു് നോക്കിയാൽ സിലോണിൽ ബുദ്ധമതക്കാരുടെ ഒരേകുടുംബത്തിൽതന്നെ നോക്കിയാൽ അവിടെ ബുദ്ധമതക്കാരും, ക്രിസ്തുമതം സ്വീകരിച്ചിട്ടുള്ളവരും, ഇസ്ലാംമതം സ്വീകരിച്ചിട്ടുള്ളവരും ഒന്നിച്ചു് ഉള്ളതായി കാണാം. അവിടെ ഓരോരുത്തരും അവരവർക്കു് ഇഷ്ടമുള്ള മതം സ്വീകരിച്ചുകൊണ്ടു് ദാമ്പത്യജീവിതം തുടർന്നുകൊണ്ടുപോകുന്നു. ഇങ്ങിനെയുള്ള സ്ഥിതിയാണു് നാം സിലോണിൽ കാണുന്നതു്. ഇവിടെ ഈ പ്രമേയംകൊണ്ടുദ്ദേശിക്കുന്നതു് ഭിന്നസമുദായക്കാർ തമ്മിലുള്ളതും, ഭിന്നമതക്കാർ തമ്മിലുള്ളതുമായ വിവാഹത്തിനു് വേണ്ടതായ പ്രോത്സാഹനം നല്കുണമെന്നുള്ളതാണു്. തീയ്യരുടെ ഇടയിൽ ഉള്ള ഒരു അനുഭവം പറയാം. ഒരുവീട്ടിൽ രണ്ടു സഹോദരിമാരും, ഒരു സഹോദരനും ഉണ്ടു്. സഹോദരിമാരിൽ ഒരുത്തി Bar-at-law പാസ്സായിട്ടുണ്ടു്. ആ സ്ത്രീ ഒരു മുഹമ്മദീയ യുവാവിനെ വിവാഹം ചെയ്തു. എന്നാൽ അവർ ഇപ്പോഴും ഹിന്തുസ്ത്രീയായിട്ടും ഭർത്താവു മുഹമ്മദീയനായിട്ടുമാണു് ജീവിക്കുന്നതു്. സർവ്വകലാശാല ബിരുദധാരിയായ മറേറസഹോദരി ഒരു നായർ യുവാവിനെ വിവാഹംചെയ്തു. അവർ രണ്ടുപേരും ഹിന്തുക്കളായിട്ടുതന്നെ ജീവിക്കുന്നു. എന്നാൽ സ്ത്രീക്കു് ഭർത്താവിന്റെ വീട്ടിൽ പോകുവാൻ പാടില്ല. ഭർത്താവിനു് സ്ത്രീയുടെ വീട്ടൽ പോവുകയും ചെയ്യാം. അവരുടെ സഹോദരൻ കല്ല്യാണം കഴിച്ചതു് ഒരു അമേരിക്കൻ വനിതയെയാണു്. അവരും ക്രസ്ത്യാനിസ്ത്രീയായിട്ടുതന്നെ ജീവിക്കുന്നു. അപ്പോൾ ഇങ്ങിനെയുള്ള ഒരു സ്ഥിതിയിൽനിന്നും സർവ്വസ്വാതന്ത്ര്യമായിട്ടു വരണമെങ്കിൽ ചില പ്രത്യേകതകളുണ്ടായിരിക്കണം. എന്നാൽ മാത്രമെ അതിനെ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. S. Panicker]

പ്രോത്സാഹിപ്പിക്കുവാൻ സാധിക്കുകയുള്ളൂ. ഞാൻ ഇവിടെയിരിക്കുന്ന ഓരോരുത്തരോടും ചോദിക്കുന്നു അവനവന്റെ സ്വന്തജാതിയെ വിട്ടു മറേറതെങ്കിലും ജാതിയുമായി രഹസ്യമായിട്ടുള്ള വിവാഹങ്ങൾ ധാരാളം നടക്കുന്നില്ലേയെന്നു"! അതു സർവ്വസാധാരണമായിട്ടു നടന്നുവരുന്ന ഒരു കാര്യമാണു". അതുകൊണ്ടു" രഹസ്യമായിട്ടു ചെയ്യുന്നകാര്യം പരസ്യമായി, പ്രയോഗികമായിട്ടു കാണിക്കണം എന്നമാത്രമാണു" ഈ പ്രമേയംകൊണ്ടുദ്ദേശിക്കുന്നതു". ഈ പ്രമേയം ഗവമ്മെണ്ടു" അംഗീകരിച്ചു" നടപ്പിൽ വരുത്തുവാൻ ശ്രമിക്കുകയാണെങ്കിൽ, കൊച്ചിഗവമ്മെണ്ടിനു" ഓരോത്തക്കുംവേണ്ടി ഓരോവകുപ്പുകളും, പ്രത്യേകം ശമ്പളംകൊടുത്തു ഓരോഉദ്യോഗസ്ഥന്മാരേയും സൃഷ്ടിക്കുവാൻ സാധിക്കുന്ന നിലയ്ക്കു" ഈ കാര്യത്തിൽ യാതൊരുവിഷമവും ഉണ്ടാകുന്നതല്ലല്ലൊ. എന്നാൽ ഗവമ്മെണ്ടു" ഇതു" അംഗീകരിക്കുകയാണെങ്കിൽ ഇതൊരു വലിയ വകുപ്പായിട്ടതന്നെ കൊണ്ടുവരുവാൻ സാധിക്കും. ഏതെങ്കിലും തമ്പുരാക്കന്മാരുടെ മക്കളെ ആരെയെങ്കിലും Ist grade officer-ആയിട്ടു നിശ്ചയിച്ചു" ഒരു ഡിപ്പാർട്ടുമെണ്ടു" നമുക്കു" ഉണ്ടാക്കുവാൻസാധിക്കും. വേണ്ടപ്പെട്ടവക്കു"-സേവയും, ഉപാശ്രയും ഉള്ളവക്കു"-ഉദ്യോഗം കൊടുക്കുവാനും അതുമൂലം സാധിക്കുകയും ചെയ്യും. അതുകൊണ്ടു" അവക്കു" ഒരു ഉപകാരവുമായി. ഇതൊരു പ്രത്യേകവകുപ്പായിട്ടു" വന്നാൽ ഇതിനൊരു പ്രോത്സാഹനവുമായി. കൂടാതെ നമ്മുടെ പ്രധാനമന്ത്രി മക്കളില്ലാത്തഒരാളാണു". അതുകൊണ്ടു" അദ്ദേഹം ഈകാര്യത്തിൽ ഒരു തീരുമാനമെടുത്തു" പ്രവൃത്തിച്ചാൽ അതൊരു അനുഗ്രഹവും, പ്രോത്സാഹനവുമാകുന്നതാണു".

ക്രസ്ത്യൻ സമുദായത്തിനു" ഒരു പ്രത്യേകതയുണ്ടു". ഒരു ക്രസ്ത്യാനി സ്ത്രീയെ ഒരു ഹിന്ദു വിവാഹം കഴിച്ചാൽ ക്രിസ്തുമതം സ്വീകരിച്ചുകൊള്ളണമെന്നു" യാതൊരു നിർബന്ധവുമില്ല. ഭർത്താവു" ഏതുമതക്കാരനായാലും അവർ അനിലയിൽതന്നെ നിൽക്കും. പിന്നെ അതിലൊരു പ്രത്യേകതയെന്താണെന്നുവെച്ചാൽ മക്കളുണ്ടായാൽ അവരെ മാമ്മോദീസ മുക്കുവാൻ പള്ളിയിലേക്കു കൊണ്ടുപോകണമെന്നുള്ളതാണു". അതുകൂടാതെ ക്രിസ്തുമതത്തെ സംബന്ധിച്ചിടത്തോളം മറേറ യാതൊരു ബുദ്ധിമുട്ടുമില്ല. എന്റെ നാട്ടിൽ ഒരു ക്രിസ്ത്യാനി ഒരു ഈഴവസ്ത്രീയെ വിവാഹം കഴിച്ചു. ഈഴവസ്ത്രീ ഈഴവസ്ത്രീയായിട്ടതന്നെയിരിക്കുന്നു. ക്രിസ്ത്യാനികളും മുഴവനും ഈ സ്ത്രീയെ കൺവർട്ടുചെയ്യിക്കുവാൻ നിർബന്ധിക്കുന്നുണ്ടു". അവരെ പലവിധത്തിലും ആ കാര്യത്തിൽ ഉപദ്രവമേല്പിക്കുവാൻ നോക്കുന്നുണ്ടു". താമസിക്കുവാൻ സ്ഥലമില്ലാത്തതായിട്ടുള്ള ഒരു പാവപ്പെട്ട പുലയൻ ഒരു ഈഴവസ്ത്രീയേയോ, ഒരു ബ്രാഹ്മണസ്ത്രീയേയോ വിവാഹം കഴിക്കുകയാണെന്നു വിചാരിക്കുക. അങ്ങിനെ ആ പുലയൻ കല്ല്യാണം കഴിക്കുകയാണെങ്കിൽ പുലയനു" താമസിക്കുവാൻ സ്ഥലമില്ലാതെവരും. അപ്പോൾ ഗവമ്മെണ്ടിൽനിന്നും ഒരു പ്രോത്സാഹനമായിട്ടു" അവക്കു" സ്ഥലം പതിച്ചുകൊടുക്കുകയോ, പുരയുണ്ടാക്കുവാൻ വല്ല സഹായവും ചെയ്തുകൊടുക്കുകയോ ചെയ്യേണ്ടതാണു". സരസ്വതിയും തിരിഞ്ഞനും തമ്മിലുള്ള വിവാഹത്തെപ്പററി എല്ലാവക്കും അറിയാമല്ലൊ. വിവാഹാനന്തരം അവർ വളരെ വിഷമത്തിലായി. ഡോക്ടർ ഇ. എസ്സു". ആർ. മേനോൻ ആ സ്ത്രീയെ മിഡ്വൈഫ്റി ടെയിനിംഗിനു" എടുത്തു. അതേസമയത്തു" തിരിഞ്ഞനെ ഒരു എക്സൈസു" പ്യൂണായിട്ടെങ്കിലും വെക്കണമെന്നു പറഞ്ഞു" അന്നത്തെ എക്സൈസ്കമ്മീഷണരുടെ അടുക്കൽ ചെന്നു. അന്നു" അതു" ആ വകുപ്പധ്യക്ഷനു" തീരെ സമ്മതമായില്ല. ഇപ്പോഴത്തെ മാതിരി ആ വകുപ്പുകളൊന്നും മന്ത്രിയുടെ കീഴിലായിരുന്നില്ല. തിരിഞ്ഞൻ നാലാംക്ലാസുവരെ മാത്രമേ പഠിച്ചിട്ടുണ്ടായിരുന്നുള്ളൂ. ആ നിലക്കു" അയാൾക്കു" ഉദ്യോഗം കൊടുക്കുവാനും വിരോധമില്ല. ഇങ്ങിനെയൊരു നിയമമുണ്ടായാൽ ബാഹ്യമായിട്ടുള്ള വിഷമതകൾക്കൊന്നും കാരണമുണ്ടാവുകയില്ല. പരിതഃസ്ഥിതി നമുക്കു" ഈ കാര്യത്തിൽ വളരെ അനുകൂലമാണു". ക്ഷേത്രപ്രവേശനം അനുവദിച്ചുകഴിഞ്ഞിരിക്കുന്ന കാലമാണിതു". ജാതിവ്യത്യാസം അതുകൊണ്ടുതന്നെ പോയികഴിഞ്ഞു. മതക്കാര്യം എന്തെങ്കിലുമായിട്ടു" അങ്ങിനെ നിന്നുകൊള്ളട്ടെ. മുൻകാലത്തു" സ്ത്രീകൾക്കുപോലും വച്ചുകയിട്ടു" അമ്പലത്തിനുള്ളിൽ കടക്കുവാൻ പാടില്ല. കുറച്ചുകാലം കഴിഞ്ഞപ്പോൾ അതിനു വിരോധമില്ലെന്നായിതീർന്നിട്ടുണ്ടു". അതുയും പരിഷ്കരിച്ചു ഈ കാലത്തു ഗവമ്മെണ്ടു" ഇതിലേക്കുമൊരു പ്രോത്സാഹനം കൊടുക്കുവാൻവേണ്ടി, കുറച്ചു സമർത്ഥനായിട്ടുള്ള ഒരാളെ ഒരു ഒന്നാംഗ്രേഡു" ഉദ്യോഗസ്ഥനായിട്ടുവെച്ചു ഒരു ഡിപ്പാർട്ടുമെണ്ടുണ്ടാക്കിയാൽ ആ ഡിപ്പാർട്ടുമെണ്ടു" ഭംഗിയായിട്ടു നടത്തികൊണ്ടുപോകുവാൻ സാധിക്കുമെന്നുള്ള ഉദ്ദേശത്തോടുകൂടി ഞാൻ ഇതിനെ പിൻതാങ്ങിക്കൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

* മിസ്റ്റർ പി. കെ. ഡീവർ: മിസ്റ്റർ പ്രസിഡണ്ട് സർ, ഈ പ്രമേയത്തെപ്പറ്റി രണ്ടു വാക്കു സംസാരിക്കണമെന്നു ഞാനും ആഗ്രഹിക്കുന്നു. ഈ പ്രമേയത്തിന്റെ അടിസ്ഥാനം മിശ്രവിവാഹത്തെ ഗവൺമെണ്ടു പ്രോത്സാഹിപ്പിക്കണം എന്നുള്ളതാണു്. ബഹുമാനപ്പെട്ട പ്രധാനമന്ത്രി വളരെയൊക്കെ ഇതിനെപ്പറ്റി ആലോചിച്ചിട്ടുണ്ടായിരിക്കും. സിവിൽ വിവാഹനിയമം കൊച്ചിയിൽ നടപ്പാക്കീട്ടുണ്ടെങ്കിലും അതിന്റെ പ്രായോഗികപ്രവർത്തനം സുഗമമാക്കുകയെന്നുള്ളതാണു് വാസ്തവത്തിൽ ഇതുകൊണ്ടുദ്ദേശിക്കപ്പെടുന്നതു്. പക്ഷെ സിവിൽവിവാഹനിയമത്തെ സംബന്ധിച്ചു് നമ്മുടെ നാട്ടിൽ വളരെ അധികം ആളുകളും തെറ്റിദ്ധരിച്ചുകാണപ്പെടുന്നുണ്ടു്. ഇപ്പോൾ മിശ്രവിവാഹം പലപ്രകാരത്തിലും നടക്കുന്നുണ്ടു്. രജിസ്ട്രാപ്പീസ്സിൽ പോയിട്ടു രജിസ്റ്റർചെയ്യുന്ന വിവാഹം നടത്തുന്നുണ്ടു്. അതൊരു വിവാഹമല്ലെന്നുള്ളതു് നമ്മുടെ നാട്ടിലുള്ളവരാരും ധരിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. രജിസ്റ്റർവിവാഹം എന്നു പറയുന്നതു് വെറും ഒരു കരാറുമാത്രമാണു്. ഭിന്നസമുദായങ്ങളിലുള്ള സ്ത്രീപുരുഷന്മാർക്കു് വിവാഹം കഴിക്കുവാൻ സമുദായം സമ്മതിച്ചുകൊടുക്കുവാൻ തയ്യാറില്ലാത്തപ്പോൾ മാത്രമാണു് അവർക്കു് മറ്റൊരാശ്രയമില്ലാതെ രജിസ്ട്രാഫീസ്സിൽ പോകേണ്ടിവരുന്നതു്. സിവിൽവിവാഹനിയമം ഉണ്ടെങ്കിലും ആ വിധത്തിലുള്ള ഒരു വിവാഹമല്ല ഇന്നു നടന്നുകൊണ്ടിരിക്കുന്നതു്. അതിനു് നിയമത്തിന്റെ മുമ്പിൽ യാതൊരു സാദ്ധ്യതയുമില്ലെന്നാണു് ഞാൻ മനസ്സിലാക്കിയിരിക്കുന്നതു്. അതുകൊണ്ടു് ആദ്യമായിട്ടു ഗവൺമെണ്ടു് ചെയ്യേണ്ടതു് രജിസ്ട്രാഫീസ്സിൽ ഇപ്പോൾ നടന്നുവരുന്ന നിയമസാധുതപരം തടയണം എന്നാണു് എനിക്കു പറയുവാനുള്ളതു്. രജിസ്ട്രാഫീസ്സിൽ രജിസ്റ്റ്രേഷൻ ചെയ്യുകൊടുക്കരുതെന്നു് പറയണം. ഒരു മുദ്രപത്രംകൊണ്ടു് കാര്യം കഴിക്കുകയാണു് ചെയ്യുന്നതു്. വ്യ ണ. വിലയുള്ള ഒരു മുദ്രപത്രത്തിൽ ഫ ാ ണ. യോ, പത്രണ്ടണയോ രജിസ്റ്റർഫീസ്സുകൊടുത്തു് ചെയ്യുന്ന ഒരേർപ്പാടു് മാത്രമാണു് അതു്. അതിൽ എഴുതുന്നതു് നമ്മൾ തമ്മിലുള്ള കരാറു ലംഘിക്കുകയാണെങ്കിൽ പതിനഞ്ചോ, ഇരുപതോ ഉറുപ്പിക കൊടുത്തുകൊള്ളാമെന്നുള്ള കരാറിന്മേലാണു് രജിസ്റ്റർ ചെയ്യുന്നതു്. അപ്പോൾ പതിനഞ്ചോ, ഇരുപതോ ഉറുപ്പികയ്ക്കുള്ള ഒരു വില മാത്രമെ അതിന്നു കല്പിക്കുന്നുള്ളൂ. വാസ്തവത്തിൽ ഇതു് വളരെ അധികം ആളുകൾക്കും മനസ്സിലാക്കാൻ സാധിക്കാതെയിരിക്കുകയാണു്. ഈ കാര്യത്തിൽ ഗവൺമെണ്ടു് രജിസ്ട്രാർക്കു വേണ്ടതായ നിർദ്ദേശം കൊടുത്തു് സിവിൽവിവാഹനിയമമനുസരിച്ചു് ആളുകൾക്കു വിവാഹം ചെയ്യുവാനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുത്തു സിവിൽവിവാഹത്തിന്നു് കൂടുതൽ സൗകര്യം ഉണ്ടാക്കിക്കൊടുക്കേണ്ടതാണു്. ഈ കാര്യത്തിൽ ഗവൺമെണ്ടിന്റെ ദൃഷ്ടി പതിയേണ്ടതാണു്.

കൊച്ചിയിൽ വർഗ്ഗീയവിദ്വേഷം വളരെ കുറവാണു്. ഭാരതീയയുവാക്കന്മാർ ചെയ്തിട്ടുള്ള വേലകൾ പലതും കുടംകമഴ്ത്തി വെള്ളം ഒഴിക്കുന്നതുപോലെയായിട്ടുള്ളതിന്റെ കാരണം രോഗത്തിന്റെ നിദാനം മനസ്സിലാക്കി ചികിത്സ നടത്താതിരുന്നതുകൊണ്ടുമാത്രമാണു്. നമ്മളെല്ലാം ഒരു ജാതിയാണെന്നു് പറഞ്ഞാൽ അതെങ്ങിനെയാണു് വിശ്വസിക്കുന്നതു്? ജിന്നയുമായി ഒരു ഹിന്ദു കൈകൊടുത്തതിന്നുശേഷം ഒരു മുസ്ലീം തന്റെ കയ്യിന്മേൽ പിടിച്ചുവെന്നുള്ളതുകൊണ്ടു മാത്രം, ഹിന്ദുമതത്തിൽ വിശ്വസിക്കുന്ന ആ ആളും കൈകഴുകുകയാണെങ്കിൽ, താനും, അയാളും സഹോദരന്മാരാണെന്നു് പറഞ്ഞാൽ ഞാൻ അതു് എങ്ങിനെയാണു് വിശ്വസിക്കുകയെന്നു് ജിന്ന ഒരിക്കൽ ചോദിക്കുകയുണ്ടായി. ഞാൻ തൊട്ടവെള്ളം കുടിക്കുവാൻ പാടില്ലെന്നു പറഞ്ഞാൽ, നിങ്ങളെല്ലാവരും സഹോദരന്മാരാണെന്നു പറഞ്ഞാൽ അതെങ്ങിനെയാണു് ഞാൻ വിശ്വസിക്കുകയെന്നു ജിന്ന ചോദിച്ചു. ഇങ്ങിനെ ആക്കും നിഷേധിക്കുവാൻ സാധിക്കാത്ത ചില ചോദ്യങ്ങളാണു് ജിന്നസാഹിബു് പുറപ്പെടുവിച്ചതു്. ഇന്നു കാണുന്ന വികൃതികൾക്കെല്ലാം കാരണം ഭാരതത്തിലെ വർഗ്ഗീയചിന്ത ഒന്നു മാത്രമാണു്. ഈ വർഗ്ഗീയചിന്തയെ നേരിടുന്നതിന്നുള്ള പോംവഴികൾ കണ്ടുപിടിക്കുന്നതിന്നാണു് നാം പ്രധാനമായിട്ടു പരിശ്രമിക്കേണ്ടതു്. നമ്മളെല്ലാം മഹാത്മാഗാന്ധികീജെയു് വിളിക്കുന്ന കാലത്തു് മഹാകവി ടാഗോർ പറഞ്ഞതു് രക്തവും, രക്തവും തമ്മിൽ കലർന്നാൽ മാത്രമെ ഭാരതത്തിൽ ഇന്നു കാണുന്ന വികൃതികൾ മാറികിട്ടുകയുള്ളുവെന്നു്! എന്നാൽ മാത്രമെ ഭാരതത്തിൽ യഥാർത്ഥജീവിതമാവുകയുള്ളുവെന്നു് അദ്ദേഹം പറയുകയുണ്ടായി. ഇതു വളരെകാലംമുമ്പു് അദ്ദേഹം പറഞ്ഞതാണു്. പക്ഷെ അതുകൊണ്ടു പറയത്തക്ക പ്രയോജനമൊന്നും ഉണ്ടായിട്ടില്ല. ഓരോരുത്തരും അവരവരുടെ ചുറ്റുപാടുകളനുസരി

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. K. Dewer]

ച്ചു് വസ്തുചിത നോക്കാതെ വിവാഹംചെയ്യുന്നതിനുള്ള ഒരു സാഹചര്യം ഉണ്ടാക്കിക്കൊടുക്കുകയാണെങ്കിൽ മാത്രമെ മനുഷ്യസമുദായമായ ഒരു ബോധം ഉണ്ടാവുകയുള്ളു. എന്നാൽ മാത്രമെ നമ്മളെല്ലാം ഒരു ജാതിയാണെന്നും, സഹോദരന്മാരാണെന്നും പറയുവാൻ കഴിയുകയുള്ളു. ഇപ്പോഴും സ്നേഹിതരായിട്ടുള്ള നമ്മൾ രണ്ടുമൂന്നുപേർ ഒരുമിച്ചു ഒരു ടിക്കിൽ ചെന്നാൽ നമ്മിലോരോരുത്തരും മാറി, മാറി പോകേണ്ടിയിരിക്കുന്നു. പരിഷ്കൃതമായിട്ടുള്ള ഈ കാലത്തുപോലും കല്യാണത്തിനു് ചില സ്നേഹിതന്മാരെ ക്ഷണിക്കുന്ന കാര്യത്തിൽ ചിലർ വളരെ വിഷമിക്കുന്നുണ്ടു്. കാരണം വിവാഹത്തിനു് ക്ഷണിക്കാതിരിക്കുവാനും നിവൃത്തിയില്ല; ക്ഷണിച്ചിട്ടു് അയാൾ വന്നാൽ എറയത്തു് ഊണുകൊടുക്കണമല്ലോയെന്നുള്ള വെപ്രാളവും ഉണ്ടാകാവുണ്ടു്. അതെല്ലാം മാറികിട്ടണമെങ്കിൽ ഇത്തരത്തിലുള്ള വിവാഹങ്ങൾ നടത്തുവാനുള്ള പ്രചരണം നടത്തണം. ഈ വിഷയത്തിൽ നമ്മളാരും ഒന്നും ചെയ്തിട്ടില്ല. നമ്മുടെ കുട്ടികളുടെ പാഠപുസ്തകങ്ങളിൽ സിവിൽവിവാഹത്തിന്റെ വിവരങ്ങൾ കൊടുക്കണം. ഞാൻ കുറേക്കാലം ഒരദ്ധ്യാപകനായിരുന്നു. ഇവിടത്തെ ഹൈസ്കൂളിൽ രണ്ടാംക്ലാസിൽ ഒരദ്ധ്യാപകനായിരുന്നിട്ടുണ്ടു്.

Mr. President: Order, The House stands adjourned Sine Die.

N. I. OUSEPH
Secretary to the Council

LIBRARY ARCHIVES Kerala Legislative Assembly